നം.കെഎസ്എ.കെടിഎം.പി.10-1436/2018 തീയതി : 27.07.2018

# കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,***

*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19.07.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.2018 മുതൽ 19.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ നടരാജൻ പി. ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ശിവരാജ് പി | ഓഡിറ്റർ |
| | ശ്രീ ഉണ്ണിക്യഷ്ണൻ എം. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീ എൻ രാജു | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | അഡ്വ. അജിത കെ. രാജു | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ സോണി ഫിലിപ്പ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി.അനിത ഓമനക്കുട്ടൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി.കെ.എൻ.സുവർണകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ എൻ.ആർ. മുരളീധരൻ നായർ | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ വിനോദ് കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സുജിത പി. എസ്. | 01.04.2017 മുതൽ 02.03.2018 വരെ |
| | ശ്രീമതി ജ്യോതി റ്റി. | 03.03.2018 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. മാത്യു ഫിലിപ്പ് | 01.04.2017 മുതൽ 06.06.2017 വരെ |
| | ഡോ. വിശ്വനാഥൻ | 07.06.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | ഡോ. ജാൻസി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. ബേസിൽ തമ്പി | 01.04.2017 മുതൽ 12.01.2018 വരെ |
| | ഡോ. പ്രീത | 13.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. റാണി പി. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ ജോൺസൺ ഫിലിപ്പ് | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ ബിജു റ്റി. എസ്. | 01.04.2017 മുതൽ 08.08.2017 വരെ |
| | അനീസ എ. | 18.08.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി യമുന കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ എസ്. പ്രകാശ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി സുനിത എം. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ വിജയകുമാർ എം. ജി. | 01.04.2017 മുതൽ 29.11.2017 വരെ |
| | ജയകുമാരി പി. ബി. | 30.11.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ-അവലോകനം |
| 2-2-1 | കെട്ടിടത്തിന്റെ വസ്തുനികുതിനിർണയത്തിലെ അപാകത |
| 2-2-2 | വിദ്യാഭ്യാസസ്ഥാപനം കെട്ടിടനമ്പരില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നു |
| 2-2-3 | 29 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു |
| 2-3-1 | ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകത |

| | |
|---|---|
| 2-3-2 | ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല |
| 2-4 | പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിലുൾപ്പെടാത്ത ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-5 | എയ്ഡഡ് കോളേജിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-6-1 | ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-അപാകതകൾ |
| 2-6-2 | വാടക കുടിശിക - തുടർനടപടികൾ കാര്യക്ഷമമല്ല |
| 2-7 | ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ്- അപാകതകൾ |
| 2-8 | ഇ-ടെൻഡർ- ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും |
| 3-2 | ടെണ്ടർ ബൈലോ നിരക്ക് പരിഗണിക്കാതെ അവസാനബിൽ നൽകി -പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 3-3 | ഗുണഭോക്തൃസമിതി പ്രവൃത്തിയ്ക്ക് അധിക ഓവർഹെഡ് ചാർജ്ജ് അനുവദിച്ചത് |
| 3-4 | പാർക്ക് സംരക്ഷണം ഫലപ്രദമല്ല |
| 3-5 | തൃക്കൊടിത്താനം പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം - പ്രോജക്റ്റ് നിർവഹണത്തിന്റെ നടപടിക്രമങ്ങളിൽ അവ്യക്തത |
| 3-6 | വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോം നിർമ്മാണം- പ്ലാറ്റ് ഫോം സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 3-7 | തെരുവുവിളക്കുകളുടെ സ്ഥാപിക്കലും പരിപാലനവും കാര്യക്ഷമമല്ല |
| 3-8 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല--7,69,612/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | പശ്ചാത്തല സൗകര്യം ഒരുക്കാതെ പ്ലാസ്റ്റിക്ക് ഷെർഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു-9,82,943/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-10 | അമര കുടിവെള്ള പദ്ധതി-പ്രോജക്റ്റ് പൂർത്തീകരിച്ചില്ല--81,24,488/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-11 | പ്രത്യേക കന്നുകുട്ടി പരിപാലനം--വിനിയോഗ വിവരങ്ങൾ ലഭ്യമല്ല--3,12,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-12 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങളും |
| 3-13 | പി.എം.എ.വൈ. അധിക വിഹിതം- ആവശ്യകത നിശ്ചയിക്കാതെ 14 ലക്ഷം രൂപ അടവാക്കി |
| 3-14 | വീടുകൾ വാസയോഗ്യമാക്കൽ-മെയിന്റനൻസ് പൂർത്തിയാക്കിയില്ല |
| 3-15 | ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും |
| 3-16 | പ്രൈമറി ഹെൽത്ത് സെന്റർ--മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല |
| 3-17 | ഹോസ്പിറ്റൽ മാനേജ്മന്റ് കമ്മിറ്റി - ആയുഷ് (പി.എച്ച്.സി - ആയുർവ്വേദം) |
| 3-18 | ജലനിധി - മഴവെള്ളസംഭരണവും ഭൂജല പരിപോഷണവും |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ |

| | |
|---|---|
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.03.2017 തിയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 1,09,93,909/- | 2,57,95,688/- | 1,48,01,779/- | - | (+) 134.6 |
| വരവ് | 18,65,77,000/- | 9,34,00,500/- | - | 9,31,76,500/- | (-) 49.93 |
| ആകെ | 19,75,70,909/- | 11,91,96,188/- | - | 7,83,74,721/- | (-) 39.67 |
| ചെലവ് | 18,62,68,000/- | 10,39,26,581/- | - | 8,23,41,419/- | (-) 44.21 |
| നീക്കിയിരിപ്പ് | 1,13,02,909/- | 1,52,69,607/- | 39,66,698/- | - | (+) 35.09 |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥത്തിലുള്ള തുകയുടെ ഇരട്ടിയോളം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 07.05.2018 ലെ A2-3200/17 നം. കത്ത് പ്രകാരം 08.05.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 22.06.2018, 23.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 27.06.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി10-1213/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക

പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 25,795,688/- |
| വരവ് | 93,400,500/- |
| ആകെ | 119,196,188/- |
| ചെലവ് | 103,926,581/- |
| നീക്കിയിരിപ്പ് | 15,269,607/- |

## 1-5 ഫണ്ട് വിനിയോഗം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം ഫണ്ടുകളുടെ വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 1,83,36,000 | 1,83,36,000 | 1,42,57,825 | 40,78,175 | 77.76 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 76,71,313 | 76,71,313 | 66,69,969 | 10,01,344 | 86.95 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 69,971 | 69,971 | 32,400 | 37,571 | 46.30 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 1,48,15,429 | 1,48,15,429 | 1,07,18,859 | 40,96,570 | 72.35 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 46,99,908 | 46,99,908 | 38,70,362 | 8,29,546 | 82.35 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 86,11,044 | 86,11,044 | 86,11,044 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 73,13,592 | 73,13,592 | 28,43,800 | 44,69,792 | 38.88 |
| ട്രഷറി ടി.എസ്.ബി. | 1,69,09,576 | 1,32,96,949 | 3,02,06,525 | 2,82,48,740 | 19,57,785 | - |
| സാക്ഷരത ഫണ്ട് | 28,422 | 75,059 | 1,03,481 | 74,000 | 29,481 | - |
| MNREGS(തൊഴിലുറപ്പ് പദ്ധതി) | 10,091 | 76,73,344 | 76,83,435 | 74,16,086 | 2,67,349 | - |
| സംയുക്ത പ്രോജക്ട്(Joint Venture) | 12,04,164 | 91,00,000 | 1,03,04,164 | 56,94,553 | 46,09,611 | - |
| Total Sanitation Campaign(TSC) | 0 | 20,08,925 | 20,08,925 | 19,98,725 | 10,200 | - |
| ഐ.സി.ഡി.എസ്.(ICDS) | 2,72,541 | 1,65,413 | 4,37,954 | 3,39,610 | 98,344 | - |
| പൈക്ക ഫണ്ട്(PYCKA) | 87,630 | 2,966 | 90,596 | 0 | 90,596 | - |
| വിമുക്തി ഫണ്ട് | 15,488 | 12,500 | 27,988 | 15,488 | 12,500 | - |
| ഗുണഭോക്തൃ വിഹിതം | 2,98,445 | 5,75,257 | 8,73,702 | 7,18,762 | 1,54,940 | - |
| വരൾച്ച നിവാരണ ഗ്രാന്റ് | 0 | 3,15,000 | 3,15,000 | 315,000 | 0 | - |
| നിർമ്മൽ പുരസ്കാരം | 0 | 2,50,000 | 2,50,000 | 0 | 2,50,000 | - |
| ബി-ഫണ്ട് | 0 | 5,28,24,840 | 5,28,24,840 | 52,824,840 | 0 | - |
| തനത് ഫണ്ട് | 37,25,154 | 1,59,21,112 | 1,96,46,266 | 10,722,838 | 89,23,428 | - |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥ ചെലവ് മാത്രമാണ് ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 1.231 കോടി രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്. തനത് ഫണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ അവയുടെ ബാങ്ക് ബാലൻസിൽ നിന്നും ബാധ്യതകൾ കുറവ് ചെയതാണ് കണ്ടെത്തിയിട്ടുള്ളത്. തനത് ഫണ്ട് വരവ്-ചെലവുകൾ റസീറ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരമുള്ളതാണ്. തനത് ഫണ്ടിനു മാത്രമായി ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി ഇനത്തിലുള്ള ഫണ്ടിന്റ വിനിയോഗം കൃത്യമായി വിലയിരുത്താൻ സാധിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

1. അംഗീകാര നം./തീയതി - 490/DPC/DPO/KTM തീയതി 31.05.2017
2. ആകെ അടങ്കൽ - 112702372/- രൂപ
3. പദ്ധതികളുടെ എണ്ണം - 272 (സ്പിൽ ഓവർ - 85, പുതിയത് - 187)

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | ഉത്പാദനം | 30 | 26 | 11684083 | 6287034 | 53.8 |
| 2. | സേവനം | 94 | 69 | 54720846 | 31197489 | 57 |
| 3. | പശ്ചാത്തലം | 148 | 77 | 46297443 | 19366856 | 41.83 |
| | ആകെ | 272 | 172 | 112702372 | 56851379 | 50.44 |

ആകെ 172 പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും 85 എണ്ണവും ഭാഗീകമായാണ് നടപ്പിലായത്. അംഗീകാരം ലഭിച്ച 22 പ്രോജക്ടുകൾ ഉപേക്ഷിച്ചു. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്. പശ്ചാത്തല മേഖലയിൽ ചെലവ് 50 ശതമാനത്തിൽ താഴെ വന്നത് ഗൗരവമായി കാണേണ്ടതാണ്.

ഫണ്ട് അടിസ്ഥാനത്തിലുള്ള വകയിരുത്തലും ചെലവു വിവരവും

| ക്രമ നം. | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| 1. | വികസനഫണ്ട് (ജനറൽ) | 18486632 | 14257825 | 77.12 |
| 2. | വികസനഫണ്ട് (എസ്.സി.പി) | 7826000 | 6669969 | 85.22 |
| 3. | വികസനഫണ്ട് (ടി.എസ്.പി.) | 70000 | 32400 | 46.28 |
| 4. | കേന്ദ്ര ഫിനാൻസ് | 11666992 | 8611044 | 73.80 |
| 5. | ലോകബാങ്ക് സഹായം | 7139291 | 2843800 | 39.83 |
| 6. | തനത് ഫണ്ട് | 16062078 | 2607270 | 16.23 |
| 7. | കേന്ദ്രാവിഷ്കൃതം | 2228125 | 1126535 | 50.55 |
| 8. | ബ്ലോക്ക് വിഹിതം | 10352335 | 5394553 | 52.10 |
| 9. | ജില്ലാ പഞ്ചായത്ത് വിഹിതം | 2000000 | 0 | 0% |
| 10. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 25129093 | 10718859 | 42.65 |
| 11. | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6072336 | 3870362 | 63.73 |
| 12. | മറ്റുള്ളവ | 5669490 | 718762 | 12.67 |
| | ആകെ | 112702372 | 56851379 | 50.44 |

ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ തുകയിൽ നിന്നും യാതൊരു ചെലവും നടത്താതിരുന്നത് ഭരണസമിതി പരിഗണിക്കേണ്ടതാണ്. ഭാവിയിൽ വികസഫണ്ട് (ജനറൽ), (ടി.എസ്.പി.) ഇനങ്ങളും ലോകബാങ്ക് വിഹിതവും സംരക്ഷണഗ്രാന്റും പൂർണ്ണമായും ചെലവഴിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

അംഗീകാരം ലഭിച്ച 272 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 12 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 9 | 9 | 2169147 | 1584693 | 73.39 |

| | | | | | | |
|---|---|---|---|---|---|---|
| 2. | വെറ്ററിനറി സർജൻ | 7 | 7 | 1775316 | 1245564 | 70.16 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 6 | 6 | 1509900 | 1294309 | 85.72 |
| 4. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 5 | 4 | 1175000 | 936820 | 79.72 |
| 6. | വി.ഇ.ഒ. | 13 | 9 | 12469615 | 5697624 | 45.69 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 10 | 7 | 6223456 | 4990109 | 80.18 |
| 8. | സെക്രട്ടറി | 37 | 23 | 28587655 | 13334647 | 46.64 |
| 9. | ഹെഡ്മാസ്റ്റർ | 5 | 3 | 1202876 | 1076004 | 89.45 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 158 | 84 | 51627907 | 22564991 | 43.70 |
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 18 | 16 | 2961500 | 2437900 | 82.31 |
| 12. | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2650000 | 1638718 | 61.83 |
| | ആകെ | | | 112702372 | 56851379 | 50.44 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ചുമതലയേറ്റ 158 പ്രോജക്ടുകളിൽ 84 പ്രോജക്ടുകൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. 2017 മെയ് മാസത്തിൽ പദ്ധതികൾക്ക് അന്തിമാനുമതി ലഭിച്ചിട്ടും ഫണ്ട് ലഭ്യത ഉറപ്പായിരുന്നിട്ടും 50 ശതമാനത്തിലധികം പദ്ധതികളും നിർവ്വഹിക്കാതിരുന്നത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ല. പ്രവൃത്തികൾ ഏറിയ പങ്കും അടുത്ത സാമ്പത്തികവർഷത്തിലേയ്ക്ക് നീളുന്നതാണ് കാണുന്നത്. കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാതിരിക്കുന്ന സാഹചര്യങ്ങളിൽ ഫൈൻ ചുമത്താതിരുന്ന സാഹചര്യമുണ്ട്. ഉദാഹരണത്തിന് 18.03.15-ാം തീയതി കരാർ ചമച്ച കടമാൻചിറ ഗവ. എൽ.പി. സ്കൂൾ ടോയ്ലറ്റ് & സ്റ്റോർ എന്ന പദ്ധതി 6 മാസംകൊണ്ട് പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ വേലപൂർത്തിയാക്കിയിരിക്കുന്നത് 23.06.2017-ൽ മാത്രമാണ്. എന്നാൽ ഫൈൻ വസൂലാക്കിയിട്ടില്ല. 17.02.2017ലെ സാധാരണ കമ്മറ്റിയുടെ III 20-ാം നമ്പർ തീരുമാനം ഫൈൻ ഒഴിവാക്കി നൽകിയിട്ടുണ്ട്. ആയതിന് സൂചിപ്പിച്ചിരിക്കുന്ന കാരണം "സാങ്കേതികമായ ചില കാലതാമസം മൂലവും, എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ ട്രാൻസ്ഫർ" എന്നുമാണ്. എന്നാൽ സാങ്കേതിക കാരണം വ്യക്തമാക്കിയിട്ടില്ല എന്നു മാത്രമല്ല 2015-16 മുതൽ 2017-18 വരെയുള്ള കാലയളവിൽ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യവുമായിരുന്നു. 2,13,000/- രൂപ PAC യുള്ള പ്രവൃത്തി വൈകിയതിന് ലഭിക്കേണ്ട ഫൈൻ ലഭിച്ചിട്ടില്ല എന്നു മാത്രമല്ല, യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നതുമൂലം വിദ്യാലയത്തിലെ ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തത യഥാസമയം പരിഹരിക്കപ്പെട്ടിട്ടുമില്ല.

2017-18 വർഷം 4 പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ചിട്ടുണ്ട്. ആയത് 1994 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടല്ല. ഗുണഭോക്തൃസമിതിയുടെ വരവു ചെലവുകണക്കുകൾ സമിതിയോഗം പാസാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അളവു പുസ്തകത്തിൽ യാതൊരുവിധ തിരുത്തലുകളും അനുവദനീയമല്ലാത്ത സാഹചര്യം നിലനിൽക്കുമ്പോഴും അളവു രേഖപ്പെടുത്തിയ തീയതി തിരുത്തിയിട്ടുണ്ട്. ടെണ്ടർ കുറവ് അവസാന ബില്ലിൽ ക്രമീകരിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു (ഭാഗം - III കാണുക). പ്രവൃത്തികളിൽ 80 ശതമാനവും റോഡു പ്രവൃത്തികളാണ്. റോഡു പ്രവൃത്തികളിൽ 85 ശതമാനവും കോൺക്രീറ്റിംഗ് ആണ്. ആവശ്യാധിഷ്ഠിതമായി പദ്ധതി രൂപീകരിച്ചിട്ടുള്ളതിന്റെ യാതൊരു രേഖകളും ഫയലില്ല. പദ്ധതി ആവശ്യാധിഷ്ഠിതമായി രൂപീകരിക്കുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ അനിവാര്യമാണ്.

സെക്രട്ടറിയെ നിർവ്വഹണ ചുമതല ഏൽപ്പിച്ച 37 പ്രോജക്ടുകളിൽ ഏറിയ പങ്കും പഞ്ചായത്തിന്റെ വികസനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ പര്യാപ്തമായിരുന്നില്ല. ഉള്ളവയാകട്ടെ പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടില്ല. നിർവ്വഹണം നടത്തിയ 23 പദ്ധതികളിൽ വികസനലക്ഷ്യ പ്രാധാന്യമുള്ള പദ്ധതിയായിരുന്നു അമര കുടിവെള്ള പദ്ധതി. ടി പദ്ധതിയ്ക്കായി 1.5 കോടി രൂപയിലധികം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളതല്ലാതെ യാതൊരുവിധ പ്രവർത്തന വിലയിരുത്തലും നടത്തിയിട്ടില്ല. മാലിന്യസംസ്കരണം - പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്ന (94/17-18) പദ്ധതിയിൽ 50 ശതമാനത്തിൽ താഴെ മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്ത് റോഡുകളിലെ മാലിന്യനിർമ്മാർജ്ജനവും ശുചീകരണവും (51/17-18) എന്ന അവശ്യം നടപ്പിലാക്കേണ്ട പദ്ധതിയിൻ കീഴിൽ വകയിരുത്തിയ തുകയുടെ 25% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കൊക്കോട്ടുചിറ ജലാശയ ക്ലീനിംഗ് ഹരിതകേരളം (291/17-18) എന്ന പദ്ധതിയിൻകീഴിൽ മാത്രമാണ് തുക

പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളത്. അതിലാകട്ടെ നിർവ്വഹണത്തിലെ മത്സരാധിഷ്ഠിത ക്വട്ടേഷൻ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസറെ നിർവ്വഹണ ചുമതല ഏൽപ്പിച്ച 10 പദ്ധതികളിൽ അനിവാര്യമായ പല പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. ഉദാഹരണത്തിന് അങ്കണവാടികൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ, അങ്കണവാടിക്ക് വസ്തുവാങ്ങൽ തുടങ്ങി പരമപ്രാധാന്യമുള്ള പദ്ധതികളാണ് നടപ്പിലാക്കാതിരുന്നിട്ടുള്ളത്.

കൃഷി ഓഫീസർ നിർവ്വഹണചുമതലയേറ്റ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികൾ പ്രയോജനപ്രദമായിരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ വൃദ്ധർക്ക് കട്ടിൽ നൽകിയ പദ്ധതി ഫലപ്രദവും വ്യത്യസ്തത പുലർത്തുന്നതുമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 292 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 102 പ്രോജക്ടുകളിൽ 92 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 21858 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1011 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തരിശുഭൂമി കൃഷിയോഗ്യമാക്കുക, മഴക്കുഴി നിർമ്മാണം, തോടിന് ആഴം കൂട്ടുക, കയർ ഭൂവസ്ത്രം വിരിക്കൽ തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 10,091/- | 549,438/- | 559,529/- | 293,213/- | 266,316/- |
| EFMSഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,122,608/- | 7,122,608/- | 7,122,608/- | 0 |
| പലിശ/ബാങ്ക് ചാർജ്ജ് | 0 | 1,298/- | 1,298/- | 265/- | 1,033/- |
| ആകെ | 10,091/- | 7,673,344/- | 7,683,435/- | 7,416,086/- | 267,349/- |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51,840/- | 88 |
| കർഷകതൊഴിലാളി പെൻഷൻ | 5,654,200/- | 513 |
| വിധവാപെൻഷൻ | 13,601,400/- | 1168 |
| വാർദ്ധക്യകാലപെൻഷൻ | 29,334,400/- | 2345 |
| വികലാംഗപെൻഷൻ | 3,722,700/- | 337 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 370,300/- | 33 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90,000/- | 3 |

## 1-9 ക്യാഷ് പരിശോധന

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2018 തീയതിയിൽ പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് കാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 54,909/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം മാനേജ്മെന്റ് (ഭരണസമിതി) ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള സംവിധാനം മാനേജ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ, ജീവനക്കാരുടെ ചുമതലകൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയും, വരവുചെലവുകൾ നിരീക്ഷിക്കുന്നതിനായി ബജറ്റ് സംവിധാനം രൂപീകരിച്ചും, ചുമതലകൾ വേർതിരിച്ച് ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ഒരേ ജീവനക്കാരിൽ തന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ചും, സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ട് നീങ്ങുന്നു.

2) തൻപതിവേട് സൂക്ഷിക്കുന്നതിലെ പോരായ്മകൾ

സ്ഥാപനത്തിലെ ജീവനക്കാർ തൻപതിവേട് സൂക്ഷിക്കുന്നുവെങ്കിലും രേഖപ്പെടുത്തലുകൾ തൃപ്തികരമല്ല. ആയതിനാൽ സേവനങ്ങൾ നൽകിവരുന്നതിന്റെ കാലയളവ് മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു.

3) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

ക്യാഷ്, സെക്യൂരിറ്റി, ഇൻവന്ററി എന്നിവയുടെ കസ്റ്റഡിയും നിയന്ത്രണവും, നൽകാനുള്ളവ, കിട്ടാനുള്ളവ, വാങ്ങൽ എന്നിവയുടെ വ്യക്തമായ രേഖകൾ, അക്കൗണ്ട് ബാലൻസുകൾ, ജേർണ്ണൽ രേഖപ്പെടുത്തലുകൾ, ഇടപാടുകളുടെ തരംതിരിച്ചുള്ള അക്കൗണ്ട് ബാലൻസുകൾ, നികുതി, നികുതിയേതര വരവുകൾ, ചെലവുകൾ, ആസ്തികൾ ബാധ്യതകൾ എന്നിവ സമയബന്ധിതമായി അംഗീകാരത്തോടുകൂടി രേഖപ്പെടുത്തിയും അനുബന്ധ രേഖകൾ സൂക്ഷിച്ചും, ഇടപാടുകളും പ്രവർത്തനങ്ങളും വ്യക്തമായി രേഖപ്പെടുത്തുന്ന അക്കൗണ്ടിംഗ് സംവിധാനമാണ് അവലംബിച്ചിരിക്കുന്നത്.

4) ക്യാഷ്, ബാങ്ക് നിയന്ത്രണം

നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചുമതലകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിരിക്കുന്നു.

5) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

കാലാകാലങ്ങളിലെ നിലനിൽക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ നികുതി വിലയിരുത്തിയും, വരവുകൾ രേഖപ്പെടുത്തിയും, കുടിശ്ശികകൾ വരും വർഷങ്ങളിലെ ബാക്കിയായി നിലനിർത്തിയും നികുതി പിരിച്ചെടുക്കുന്നതിനുള്ള കർശന നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ അവലംബിച്ചിട്ടുണ്ട്.

6) Controls over Procurement of works & Stores

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവർത്തികളും വാങ്ങലുകളും നടത്തി വരുന്നു.

7) Payroll നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള Payroll നിയന്ത്രണം നിലവിലുണ്ട്.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും സചിത്ര സോഫ്റ്റ്‌വെയർ മുഖാന്തിരം രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഫീസ് ഉത്തരവുകൾ

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് ഓഡിറ്റ് കാലയളവിൽ 10 ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും അവ കൃത്യമായി പാലിക്കുകയും ചെയ്തിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം/ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2018 | 05/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2014 മുതൽ 03.05.2014 വരെ | 2009-10 മുതൽ 2013-14 വരെ | LBA(HQ)II/8A-2147/126 Dated : 16.06.2014 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 119,125,135/- രൂപയും ചെലവ് 111,883,619/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 7,241,516/- രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 95,134,219/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 62,746,874/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 32,387,345/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.

3) തനത് ഫണ്ടിൽ നിന്നും ഇഷ്യൂ ചെയ്ത ശേഷം പണമാക്കാത്ത കാലഹരണപ്പെട്ട ചെക്കുകളുടെ മൂല്യം 350800101- Liability in respect of stale cheque ശീർകത്തിലേക്ക് അക്കൗണ്ട് ചെയ്ത് ക്രമീകരിച്ചിട്ടില്ല.

4) വസ്തുനികുതി കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5) കുടിശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6) 320100126 ശീർഷകത്തിലുള്ള പൈക്ക ഫണ്ടിന് പ്രത്യേക ബാങ്ക് അക്കൗണ്ട് നിലവിലുണ്ടെങ്കിലും ടി ശീർഷകത്തിലെ 31.03.2018-ലെ നീക്കിയിരിപ്പ് 90,596/- രൂപയിൽ 82,596/- രൂപ മാത്രമാണ് ബാങ്ക് അക്കൗണ്ടിലുള്ളത്. 8,000/- രൂപ തനത് ഫണ്ടിലുള്ളത് ടി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

7) 3 ട്രെയ്ഡർമാരുടെ ഡി & ഓ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ 2018-19 വർഷത്തേക്കുള്ളത് വരവായി അക്കൗണ്ട് ചെയ്തത് ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

ജോഷി ജോസഫ്-D&O-200/-, PT-1,200/-

വീണ കുര്യൻ, തെക്കേനൂർ-D&O-100/-, PT-360/-

മോഹൻ എ.എസ്-D&O-100/-, PT-360/-

8) ഷെഡ്യൂൾ B-11(a) യിൽ പാർട്ട് ബിൽ ആയി നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| 1) തോപ്പിൽപ്പടി ഒറ്റപ്പാലത്തുപടി റോഡ് | 611648 |
| 2) അഗ്രിക്കൾച്ചർ ഓഫീസ് & എഞ്ചിനീയറിംഗ് ഓഫീസ് | 246053 |
| ആകെ | 857526 |

9) പഞ്ചായത്തിലെ 'ഇ ടെണ്ടർ' മുഖാന്തിരം ലഭിച്ച 8,200/- രൂപ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു. ടി തുക സ്ഥാപനത്തിന്റെ ഇൻകം, ആസ്തി ഇവയായി ക്രമീകരിക്കേണ്ടതാണ്.

10) ആവശ്യാധിഷ്ഠിതമല്ലാതെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് നൽകിയ 13,30,000/- രൂപ ആസ്തിയിൽ ക്രമീകരിക്കേണ്ടതാണ്.

വാർഷിക കണക്കുകളിലെ അപാകതകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ-അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പഞ്ചായത്തിന്റെ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും എല്ലാ പദ്ധതി നിർദ്ദേശങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള പൊതുഭരണധനകാര്യ വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷം 11.05.2017 ൽ യോഗം ചേർന്നു. കണക്കുകളും രേഖകളും തയ്യാറാക്കലും പൊതു ഭരണം മെച്ചപ്പെടുത്തൽ എന്ന വിഷയ മേഖലയിൽ സേവന ലഭ്യതയുമായി ബന്ധപ്പെട്ട ചർച്ചകളും നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും വികസന മേഖലയിൽ അവസ്ഥാ വിശകലനം നടത്തി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി അംഗീകരിക്കുക എന്ന പരമ പ്രധാനമായ കർത്തവ്യം നിർവ്വഹിച്ചിട്ടില്ല എന്നത് ഗൗരവതരമായ വീഴ്ചയാണ്.

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ഡി & ഒ ലൈസൻസ് പരിധിയിൽ വ്യാപാര സ്ഥാപനങ്ങളെ കൊണ്ടുവരുന്നതിന് ലൈസൻസ് അദാലത്ത് നടത്തുന്നതിനും അതുവഴി കൂടുതൽ വ്യാപാരികളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സഹായകരമായിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചതിന്റെയും നികുതി നിർണ്ണയം നടത്തിയതിന്റെ കൃത്യത പരിശോധിച്ച് വരുമാന ചോർച്ചയുണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള പരിശ്രമം ശ്ലാഘനീയമാണ്. പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കുന്ന സ്ഥിതി കൈവരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കുന്നുണ്ട്.

എല്ലാ മാസത്തിന്റെയും 10-ാം തീയതിയ്ക്ക് മുൻപായി മുൻമാസത്തെ ചെലവ് കണക്കുകൾ അംഗീകരിക്കുക എന്ന നിഷ്കർഷത പാലിച്ചുവരുന്നുണ്ട്. എങ്കിലും ചെലവ് രേഖകൾ സമഗ്രമായി പരിശോധിക്കപ്പെടുന്നില്ല.

## 2-2-1 കെട്ടിടത്തിന്റെ വസ്തുനികുതിനിർണയത്തിലെ അപാകത

ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ സെബാസ്റ്റ്യൻ തോമസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ 385/ബി (20.7 ച.മീ) 385/സി (24.7 ച.മീ) എന്നീ കെട്ടിടങ്ങൾക്ക് 2017-18 വർഷം വസ്തുനികുതിനിർണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടങ്ങൾ ഒരേ കെട്ടിടത്തിലെ രണ്ട് മുറികളാണ്. എന്നാൽ 385/ബി എന്ന കെട്ടിടത്തിന് വസ്തുനികുതി നിർണയിച്ചപ്പോൾ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ചുമത്തിയിട്ടുണ്ട്. എന്നാൽ 385/സി എന്ന കെട്ടിടത്തിന് വസ്തുനികുതി നിർണയിച്ചപ്പോൾ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ചുമത്തിയിട്ടില്ല. രണ്ട് കെട്ടിടങ്ങളുടെയും നികുതിനിർണയത്തിന് പരിഗണിച്ചിരിക്കുന്ന റോഡിന്റെ പേര് ഒന്നാണെന്നിരിക്കെ ഇപ്രകാരം വസ്തുനികുതി നിർണയിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.6) മറുപടിയിൽ വസ്തുനികുതി പുനർനിർണയിച്ചതായി അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-2-2 വിദ്യാഭ്യാസസ്ഥാപനം കെട്ടിടനമ്പരില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ പ്രസിഡന്റ്, പി.ആർ.ഡി.എസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് എന്ന പേരിൽ 2664.825 ച.മീറ്റർ വിദ്യാഭ്യാസാവശ്യത്തിനുള്ള (നോൺപ്രഫഷണൽ) കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് (പെർമിറ്റ് നം.എ.3.4019/211/15 തീ.09.11.2016) നൽകിയിട്ടുണ്ട്. ഈ ബിൽഡിംഗ് പെർമിറ്റിലെ നാലാമത്തെ വ്യവസ്ഥയായി ജില്ലാ ടൗൺപ്ലാനറുടെ 20.01.2016 തീയതിയിലെ സി/1754 /15/കെ.ഡിസ്. കത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് നിർമ്മാണം നടത്തേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ടൗൺപ്ലാനറുടെ ടി കത്തിൽ 14 നിർദ്ദേശങ്ങൾ ഉള്ളതായി കാണുന്നു. അസി.എൻജിനീയറുടെ 01.10.2016 ലെ (പെർമിറ്റ് നൽകുന്നതിന് മുൻപ്) രേഖപ്പെടുത്തലുകൾ പ്രകാരം സൈറ്റ് സന്ദർശിച്ചതിൽ പ്രസ്തുത കോളേജിന്റെ ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചതായും കെട്ടിടത്തിന് നിർദ്ദിഷ്ട ഉയരം നൽകിയിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ കത്തിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. നിർമ്മാണം ആരംഭിക്കുന്നതിന് മുൻകൂർ അനുമതി എന്ന നിലയിൽ നൽകേണ്ട പെർമിറ്റ് നിർമ്മാണം പൂർത്തിയായതിന് ശേഷം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.15) മറുപടിയിൽ ന്യൂനതകൾ പരിഹരിച്ച്

പ്ലാൻ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ട കാലയളവിൽ കെട്ടിടനിർമ്മാണം പുരോഗമിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ 2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം പാലിക്കേണ്ട നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015 നമ്പർ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ ഈ കെട്ടിടത്തിന്റെ കാര്യത്തിൽ പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2017-18 വർഷം പ്രവർത്തിച്ചിരുന്നതായി ഇതുമായി ബന്ധപ്പെട്ട വെബ്സൈറ്റുകളിൽ നിന്നും വ്യക്തമാകുന്ന ഈ കെട്ടിടത്തിനെ സഞ്ചയ സോഫ്റ്റ് വെയർ മുഖേന വിദ്യാഭ്യാസാവശ്യത്തിനുള്ള കെടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി കെട്ടിടനമ്പർ നൽകിയതായോ അനധികൃതമായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇത് പ്രകാരം പഞ്ചായത്തിലെ ഈയിനത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീറ്ററിന് 6/- രൂപയായി നിശ്ചയിച്ചിട്ടുമുണ്ട്. മേൽപ്പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ ഇപ്രകാരമുള്ള ഒരു ക്യാന്റീൻ നിലവിലുള്ളതായും, ടി കെട്ടിടം അണ്ടർടേക്കിംഗ് വാങ്ങി അസസ് ചെയ്ത് നികുതി ഈടാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കിയതിന്റെ രേഖകളും വസ്തുനികുതി ചുമത്താവുന്ന മറ്റ് കെട്ടിടങ്ങളുണ്ടോയെന്ന് പരിശോധിച്ച് വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 2-2-3 29 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

തൂക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയിനത്തിൽ 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | Residential (2017-18) | 11,94,304/- |
| 431100102 | Residential (Arrear) | 13,46,000/- |
| 431100103 | Non-Residential (2017-18) | 2,39,047/- |
| 431100104 | Non-Residential (Arrear) | 2,01,551/- |
| | ആകെ | 29,80,902/- |

വാർഷിക കണക്കുകൾ പ്രകാരം 01.04.2018-ൽ വസ്തുനികുതി കുടിശിക 28,96,354/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട് (2980902-84548 (ലൈബ്രറി സെസ്സ്)=2896354). വസ്തുനികുതിയിലെ കുടിശിക 2018-19 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് വിഷയം പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3-1 ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ അപാകത

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ 14.09.2017 ലെ എ3.4485/167/17-ാം നം ബിൽഡിംഗ് പെർമിറ്റ് പ്രകാരം, ബോബൻ കെ.ആർ, കുന്നേൽ ഹൗസ് എന്നയാൾക്ക് 301.82 ച.മീറ്റർ തറവിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പെർമിറ്റ് ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന കുറിപ്പുകളിലും ടി കെട്ടിടം പാർപ്പിടാവശ്യത്തിനാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പെർമിറ്റിനുള്ള അപേക്ഷ ,കെട്ടിടത്തിന്റെ അംഗീകരിച്ച പെർമിറ്റ് പ്ളാൻ എന്നിവ പ്രകാരം ഈ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമാക്കിയ അപേക്ഷ പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയതിന്മേൽ വിശദീകരണം

ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.4) മറുപടിയിൽ ടി കെട്ടിടത്തിന് വാണിജ്യാവശ്യം കണക്കാക്കിയാണ് പെർമിറ്റ് നൽകിയതെന്നും 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്നും തെറ്റായി എൻടി നടത്തിയതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3-2 ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 137(3) പ്രകാരം ക്രമവൽക്കരിച്ച കെട്ടിടങ്ങളുടെ വിവരം അനുബന്ധം ജെ യിലെ ഫാറത്തിൽ എഴുതി സൂക്ഷിക്കേണ്ട രജിസ്റ്റർ (അനുബന്ധം ജെ യിലെ ഫാറത്തിൽ) സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട ഫയലുകളിൽ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നുമില്ല. 2017-18 വർഷം വസ്തുനികുതി നിർണയിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ പെർമിറ്റിലധികരിച്ച്/പെർമിറ്റില്ലാതെ നിർമ്മിച്ച ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല

| ക്രമനം | കെട്ടിടനം. | ക്രമവൽക്കരിക്കേണ്ട തറവിസ്തീർണം | ഉപയോഗക്രമം |
|---|---|---|---|
| 2 | 6/352/എ | 25.49 | സ്റ്റോർ റൂം |
| 4 | 7/438 എ | 35 ച.മീറ്റർ | പാർപ്പിടാവശ്യം |
| 8 | 20/139/ഡി | 18.75ച.മീറ്റർ | അസംബ്ലി കെട്ടിടം |
| 9 | 5/2/എ | 23.48ച.മീറ്റർ | വിദ്യാഭ്യാസാവശ്യം |

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.5) മറുപടിയിൽ ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ക്രമവൽക്കരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ ഹാജരാക്കുന്നതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി രജിസ്റ്ററിൽ അനുബന്ധം ജെ യിൽ നിർദ്ദേശിച്ചിരിക്കും പ്രകാരമുള്ള വിവരങ്ങളെല്ലാം ചേർത്തിട്ടില്ല. രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വർഷം ക്രമവൽക്കരണം നടത്തി വസ്തുനികുതിനിർണയിച്ച ഏതെങ്കിലും കെട്ടിടങ്ങളുടെ ക്രമവൽക്കരണഫീസ് ഈടാക്കാനുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതും മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 2-4 പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിലുൾപ്പെടാത്ത ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അംഗീകൃത ലിസ്റ്റ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള 2017-18 വർഷത്തെ ഡിമാന്റിൽ ഉൾപ്പെടാത്ത സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, സിവിൽ എഞ്ചിനീയറിങ്ങ് കെട്ടിട പ്ലാൻ തയ്യാറാക്കുന്ന സ്ഥാപനങ്ങൾ, ട്രാവൽ-ടൂർ ഏജൻസികൾ തുടങ്ങി പഞ്ചായത്ത് കാര്യാലയത്തിന് സമീപം പ്രവർത്തിക്കുന്ന ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ-നം. | സ്ഥാപനം |
|---|---|
| 1. | BOND Estate & Financial Services, കുന്നംപുറം, തൃക്കൊടിത്താനം |
| 2. | Vadakkemuriyil Money Way Finance, കുന്നംപുറം, തൃക്കൊടിത്താനം |
| 3. | Goodwill Constructions, പഞ്ചായത്ത് ഓഫീസ് കെട്ടിടം, തൃക്കൊടിത്താനം |
| 4. | Brown & Co Builders & Developers, കുന്നംപുറം, തൃക്കൊടിത്താനം |
| 5. | AK Constructions,തൃക്കൊടിത്താനം |
| 6. | Technow Constructions, തൃക്കൊടിത്താനം |
| 7. | Orreforce Engineers, തൃക്കൊടിത്താനം |
| 8. | Life Line Industries Tours & Travels, തൃക്കൊടിത്താനം |

| | |
|---|---|
| 9. | ANN Travel & Tours, തൃക്കൊടിത്താനം |
| 10. | Silver Blaze Designs, തൃക്കൊടിത്താനം |
| 11. | FTTH Internet & Cable Television(Asianet), തൃക്കൊടിത്താനം |
| 12. | അഷ്ടാംഗ ആയുർവേദ നേഴ്സിങ്ങ് കോളേജ്, തൃക്കൊടിത്താനം |
| 13. | ശ്രീകുമാർ ആയുർവേദ നേഴ്സിങ്ങ് ഹോം, തൃക്കൊടിത്താനം |
| 14. | തൃക്കൊടിത്താനം കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തൃക്കൊടിത്താനം |
| 15. | ചങ്ങനാശ്ശേരി താലൂക്ക് വ്യാപാരി വ്യവസായി & എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി,ക്ലിപ്തം നം.കെ-1130, കുന്നുംപുറം, തൃക്കൊടിത്താനം |

തൊഴിൽ നികുതി അടയ്ക്കുവാനുള്ള സ്ഥാപനങ്ങളെ കണ്ടെത്തി ലിസ്റ്റ് ചെയ്ത് ഡിമാന്റ് ചെയ്യാതിരുന്നതിനാൽ മേൽപറഞ്ഞ സ്ഥാപനങ്ങളുടെ ടേൺ ഓവർ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ പഞ്ചായത്ത് ഫണ്ടിന് വൻതുക നഷ്ടം സംഭവിച്ചതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം നികുതി ഈടാക്കാതെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.01/06.07.2018) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽപറഞ്ഞ സ്ഥാപനങ്ങളെ തൊഴിൽ നികുതി കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി.

പഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിതിന്റെ രേഖകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 2-5 എയ്ഡഡ് കോളേജിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 വർഷം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ എയ്ഡഡ് കോളേജിലെ (PRDS College of Arts & Science, അമര പി.ഓ., തൃക്കൊടിത്താനം-686563) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം). പ്രസ്തുത ഉന്നത വിദ്യാഭ്യാസ സ്ഥാപനം 2016 വർഷം മുതൽ പ്രവർത്തിച്ചുവരുന്നതും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് B.Sc, B.Com, B.A. തുടങ്ങിയ കോഴ്സുകൾ നടത്തിവരികയുമാണ് എന്ന് ബന്ധപ്പെട്ട വെബ്സൈറ്റുകളിൽ നിന്ന് വ്യക്തമാകുന്നു. സർക്കാർ 2016-ൽ സ്ഥാപനത്തിന് എയിഡഡ് പദവി നൽകിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സർക്കാർ എയ്ഡഡ് കോളേജിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2017-18 വർഷം ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/13.07.2018) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കോളേജിലെ ജീവനക്കാർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ല എന്ന് അറിയിച്ചതിനാലാണ് തൊഴിൽ നികുതി ഈടാക്കാതിരുന്നതെന്നും ജീവനക്കാരുടെ 2017-18 തൊഴിൽ നികുതി പിഴപ്പലിശ ഉൾപ്പടെ ഈടാക്കുന്നതാണെന്നും അറിയിച്ചു. മേൽപറഞ്ഞ കോളേജിലെ ജീവനക്കാരുടെ 2017-18 തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ രസീതിന്റെ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 2-6-1 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക-അപാകതകൾ

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 2 ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ ആകെ 8 മുറികൾ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച നടപടിക്രമങ്ങളിലും വാടക പിരിക്കുന്നതിലും അപാകതകൾ ഉള്ളതായി കാണുന്നു.

1. ഷോപ്പിങ്ങ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും കുത്തകക്കാർ അനുവർത്തിക്കേണ്ട വ്യവസ്ഥകളും പ്രതിപാദിക്കുന്ന ബൈ-ലോ പഞ്ചായത്തിൽ നിലവിലില്ല.
2. കുത്തകക്കാരുമായി നിയമാനുസൃതമായ കരാർ ചമയ്ക്കാതെയാണ് 2017-18 വർഷം ഷോപ്പിങ്ങ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയത്. ആയതിനാൽ വാടക നടപടികൾ നിയമാനുസൃതമല്ല.
3. ഏതാനും കുത്തകക്കാരിൽ നിന്നും മുദ്രപ്പത്രങ്ങൾ വാങ്ങി കരാർ ചമയ്ക്കാതെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത

നടപടി ക്രമപ്രകാരമല്ല.

4. എല്ലാ കുത്തകക്കാരിൽ നിന്നും വാടക സെക്യൂരിറ്റി നിക്ഷേപം വാങ്ങിയിട്ടില്ല. ഡെപോസിറ്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ 31.03.2018-ൽ നീക്കിയിരിപ്പുള്ള വാടക സെക്യൂരിറ്റി നിക്ഷേപം 30,000/- രൂപയാണ് (4 കുത്തകക്കാരുടെ 5,000/- രൂപ വീതവും ഒരാളുടെ 10,000/- രൂപയും). 2017-18 വാടക രജിസ്റ്റർ പ്രകാരമുള്ള മുറി നം.5 കൈവശം വച്ചിട്ടുള്ള രാജീവ് എം.കെ. മാലിയിൽ എന്ന കുത്തകക്കാരനിൽ നിന്നും വാടക സെക്യൂരിറ്റി നിക്ഷേപം വാങ്ങിയിട്ടില്ല. നിലവിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന വാടക നിക്ഷേപ തുകയും വാർഷിക വാടക തുകയേക്കാൾ വളരെ കുറവാണ്. കുത്തകക്കാർ കരാർ പൂർത്തിയാക്കി മുറി ഒഴിയുമ്പോൾ അവരുടെ വാടക സംബന്ധിച്ച ബാധ്യതകൾ തട്ടിക്കിഴിക്കുന്നതിന് പര്യാപ്തമായ വാടക സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക നടപടികളിൽ മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നു. പഞ്ചായത്ത് ഫണ്ടിലേക്കുള്ള തനതു വരുമാനമായ വാടകയിനത്തിലുള്ള തുക പിരിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ വീഴ്ചകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധനാവിധേയമാക്കിയതായി മിനിറ്റ്സ് പരിശോധിച്ചതിൽ കാണുന്നില്ല. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.2/07.07.2018) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. വാടക നടപടിക്രമങ്ങളിലും തനത് വരുമാനം പിരിച്ചെടുക്കുന്നതിലും ചൂണ്ടിക്കാണിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. വാടക ബൈലോ തയ്യാറാക്കി നടപടികൾ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6-2 വാടക കുടിശിക - തുടർനടപടികൾ കാര്യക്ഷമമല്ല

ഷോപ്പിങ്ങ് കോംപ്ലെക്സ് മുറി നം.5 കൈവശം വച്ചിട്ടുള്ള രാജീവ് എം.കെ. മാലിയിൽ എന്ന കുത്തകക്കാരൻ 2017-18 വർഷം ഒരു മാസം പോലും വാടക ഒടുക്കാതെ വർഷത്തെ മുഴുവൻ വാടക തുകയും കുടിശികയാക്കി (7,020/- രൂപ). പ്രസ്തുത കുത്തകക്കാരനിൽ നിന്നും വാടക സെക്യൂരിറ്റി നിക്ഷേപം ഈടാക്കാതിരുന്നതിനാൽ വാടക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് കഴിയില്ല. ടിയാളുമായി 2017-18 വർഷം വാടക കരാർ ചമച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.2/07.07.2018) നൽകിയ ശേഷം 09.07.2018-ൽ 11802012195 നം. രസീത് പ്രകാരം കുത്തകക്കാരൻ വാടക കുടിശിക 7,020/- രൂപയും പിഴപ്പലിശ 1,475/- രൂപയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. വാടക കുടിശിക വരുത്തി കുത്തകക്കാർ തുടരുന്ന നടപടി ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

മേൽപറഞ്ഞ കുത്തകക്കാരനിൽ നിന്നും വാടക നിക്ഷേപം അടിയന്തിരമായി ഈടാക്കേണ്ടതാണ്. വാടക ഒടുക്കാതെ കുടിശിക വരുത്തുന്ന സാഹചര്യത്തിൽ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും തുക മുതൽക്കൂട്ടി കുത്തകക്കാരനെ ഒഴിപ്പിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രധാന വരവിനമായ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള തുടർനടപടി, ബൈലോ തയ്യാറാക്കൽ, വാടക നിക്ഷേപം നിശ്ചയിച്ച് ഈടാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഇടപെടൽ 2017-18 വർഷം ഉണ്ടായിട്ടില്ല. ടി വിഷയത്തിൽ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തുടർനടപടി സ്വീകരിച്ച് മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ്--അപാകതകൾ

1996- ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ, ചട്ടം 10 പ്രകാരം, ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും, ലൈസൻസ് പുതുക്കി തുക അടവാക്കേണ്ടതുമാണ്. എന്നാൽ ചില വ്യാപാര സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള തുക, സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യാപാര സ്ഥാപനത്തിന്റെ വിവരം |
|---|---|
| 1 | തുമ്പുങ്കൽ ട്രേഡേഴ്സ്, പൊട്ടശ്ശേരി, തൃക്കൊടിത്താനം |
| 2 | സ്നേഹതീരം ബ്രിക്സ് & ടൈൽസ്, ആരമല, തൃക്കൊടിത്താനം |
| 3 | സെന്റ് ജോർജ്ജ് ഏജൻസീസ്, കോട്ടമുറി, തൃക്കൊടിത്താനം |
| 4 | പുതുപ്പറമ്പിൽ ഇലക്ട്രിക്കൽസ്, കോട്ടമുറി, തൃക്കൊടിത്താനം |

| | |
|---|---|
| 5 | സൂര്യ കേബിൾ വിഷൻ, ആരമല, തൂക്കൊടിത്താനം |
| 6 | ജ്യൂലി ഷോപ്പിംഗ് സെന്റർ, കന്നംപുരം, തൃക്കൊടിത്താനം |
| 7 | എൻ.കെ.എം ഏജൻസീസ്, നാൽക്കവല, തൃക്കൊടിത്താനം |
| 8 | അഞ്ജലി ലേഡീസ് കളക്ഷൻസ്, പൊട്ടശ്ശേരി, തൃക്കൊടിത്താനം |

വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് അടങ്ങുന്ന രജിസ്റ്റർ പരിപാലിച്ചുവരുന്നുണ്ടെങ്കിലും, അവ അപൂർണ്ണമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിൽ '407' വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, 2017-18 സാമ്പത്തിക വർഷത്തിൽ, രജിസ്റ്റർ പ്രകാരം '330' സ്ഥാപനങ്ങളാണ് ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് ഇനത്തിൽ തുക ഒടുക്ക് വരുത്തിയിട്ടുള്ളത്.

പാരാമെഡിക്കൽ ട്രേഡേഴ്സ് ലിസ്റ്റിൽ നിലവിൽ ആകെ '5' സ്ഥാപനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും ഉൾപ്പെടുത്തി പട്ടിക കാലികമാക്കിയിട്ടുണ്ടെന്നുള്ളത് വ്യക്തമല്ല. മേൽ സാഹചര്യങ്ങൾ, ധനകാര്യ വർഷാരംഭത്തിൽ പ്രാവർത്തികമാക്കേണ്ടുന്ന 'ഡിമാന്റ് അക്രൂവൽ' കുറ്റമറ്റരീതിയിൽ നിർവ്വഹിക്കുവാൻ സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതി സംജാതമാകുന്നു.

സ്ഥാപനത്തിന്റെ പരിധിയിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ പട്ടിക, രജിസ്ട്രേഷൻ പുതുക്കൽ, രജിസ്ട്രേഷൻ ഫീസ് വിവരങ്ങൾ, പിഴ എന്നിവ സംബന്ധിച്ച വിവരങ്ങൾക്ക് പ്രത്യേകം, രജിസ്റ്ററുകളും മറ്റ് അനുബന്ധ രേഖകളും പരിപാലിക്കേണ്ടതാണ് .

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - ചട്ടം 162 (A) പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാൻന്റിംഗ് കമ്മറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ, എന്നീ വിഷയങ്ങൾ സ്ഥാപനത്തിന്റെ ധനകാര്യ സ്റ്റാൻന്റിംഗ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നഷ്ടം സംഭവിക്കാതിരിക്കുന്നതിനും കാര്യക്ഷമതയ്ക്കും, ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ നിതാന്ത ജാഗ്രതയും നിയന്ത്രണവും നിർദ്ദേശങ്ങളും ഇവിടെ ഉണ്ടാകുന്നില്ല.

മേൽ അപാകതകൾക്ക്, ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.07/09.07.2018) നൽകിയിരുന്നു. അന്വേഷണകുറിപ്പിന് വിശദീകരണം ലഭിക്കുകയും, മേൽ പറഞ്ഞസ്ഥാപനങ്ങളെ 2018-19 സാമ്പത്തിക വർഷത്തിലെ കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതാണെന്നും, ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി കാലികമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളിൽ നിന്ന്, ലൈസെൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും വിശദീകരണം നൽകിയിട്ടുണ്ട്. നടപടി സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-8 ഇ-ടെൻഡർ- ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല

താഴെപ്പറയുന്ന മരാമത്ത് വേലകൾ ഇ ടെണ്ടർ മുഖേനയാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ടെണ്ടർ ഫോം വിലയായി കരാറുകാർ ഒടുക്കിയ ടെണ്ടർ ഫോം വില എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റി നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് കോസ്റ്റ് | ടെണ്ടർഫോം വില |
|---|---|---|---|---|
| 1 | 123/17-18 | Concreting of Kilimala Kurishadi Road | 646,000 | 1500 |
| 2 | 98/17-18 | കൊടിനാട്ടുകുന്ന് -ചൂളപ്പടി റോഡ് പുനരുദ്ധാരണം | 545,000 | 1600 |
| 3 | 204/17-18 | പി.ആർ.ഡി.എസ് മന്ദിരം റോഡ് കോൺക്രീറ്റിംഗ് | 506000 | 1300 |
| 4 | 114/17-18 | പാലക്കുളം -ചെമ്പുംപുറം റോഡ് കോൺക്രീറ്റിംഗ് | 583000 | 1300 |
| 5 | 251/17-18 | കൃഷിഭവനിൽ മെഷീൻഷെഡ് നിർമ്മാണം | 522000 | 1200 |
| 6 | 214/17-18 | നെട്ടുമറ്റം -മാവിലമറ്റം റോഡ് പുനരുദ്ധാരണം | 500000 | 1300 |
| | | ആകെ | | 8200/-രൂപ |

പ്രസ്തുത തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിക്കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും

വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനങ്ങളിലുള്ള ഇടപെടലുകൾ തൃപ്തികരമല്ല. പദ്ധതി രൂപീകരണത്തിലും സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ജാഗ്രതക്കുറവ് വ്യക്തമാണ്. 27.05.2017-ൽ കൂടിയ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗത്തിൽ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട 24 പദ്ധതികളും സേവനമേഖലയുമായി ബന്ധപ്പെട്ട 46 പദ്ധതികളും പശ്ചാത്തല മേഖലയുമായി ബന്ധപ്പെട്ട 63 പദ്ധതികളും പട്ടികജാതി വിഭാഗത്തിനായുള്ള (വിവിധ മേഖലകൾ) 46 പദ്ധതികളും പട്ടിക വർഗ്ഗ വിഭാഗത്തിനായുള്ള (വിവിധ മേഖലകൾ) 3 പദ്ധതികളും ശുപാർശ ചെയ്യപ്പെട്ടു. 2 പേർ മാത്രമാണ് ഈ യോഗത്തിൽ ഹാജരായിരുന്നത്. 23.06.2017-ൽ കൂടിയ യോഗത്തിൽ മേൽ സൂചിപ്പിച്ചവ കൂടാതെ 7 പ്രോജക്ടുകളും ശുപാർശ ചെയ്യപ്പെട്ടു. വിശദമായ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അഭാവത്തിലും യുക്തി,ക്ഷമത, പ്രായോഗികത, നിയമസാധ്യത, വിജയ സാധ്യത എന്നിവ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ വിശദമായ ചർച്ച നടത്താതെയും ആണ് പദ്ധതികൾ ശുപാർശ ചെയ്തിരിക്കുന്നത്. പദ്ധതികൾ നിർവ്വഹണത്തിനായി ഏൽപിച്ച ശേഷം നിർവ്വഹണോദ്യോഗസ്ഥർ പദ്ധതി നിർവ്വഹണം ഏപ്രകാരം നടത്തുന്നു എന്ന് സ്റ്റാന്റിങ്ങ് കമ്മിറ്റി വസ്തുതാപരമായി വിലയിരുത്തുന്നില്ല. ഏൽപിക്കപ്പെട്ട പ്രോജക്ടുകൾ പൂർണ്ണമായോ ഭാഗീകമായോ നിർവ്വഹിക്കാതിരിക്കുന്നത് സംബന്ധിച്ച ഗൗരവകരമായ വിശകലനം സ്റ്റാന്റിങ്ങ് കമ്മിറ്റി നടത്തുന്നില്ല എന്ന് മിനിറ്റ്സ് ബുക്ക് വ്യക്തമാക്കുന്നു. ഉദാഹരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ ചുമതലയേൽപ്പിക്കപ്പെട്ട 158 പ്രോജക്ടുകളിൽ 74 പ്രോജക്ടുകൾ പൂർണ്ണമായും നിർവ്വഹിച്ചില്ല. വകയിരുത്തിയ അടങ്കലിൽ ആകട്ടെ 43.7% മാത്രമാണ് ചെലവഴിച്ചത്. എന്നാൽ ഇക്കാര്യങ്ങളൊന്നും വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ല. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മേൽനോട്ടം വഹിക്കുന്നതിലും ജാഗ്രത പുലർത്താതിരുന്നതിന്റെ പോരായ്മകൾ 3-2 മുതൽ 3-7 വരെ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

### 3-2 'ടെണ്ടർ ബിലോ നിരക്ക് പരിഗണിക്കാതെ അവസാനബിൽ നൽകി -പഞ്ചായത്ത് ഫണ്ടിന് നഷ്ടം

1.

| | |
|---|---|
| പ്രോജക്ട് നംപർ | 149/17-18 |
| പ്രോജക്ട് | ഡീലക്സ് പടി- കരിങ്ങണാമറ്റം റോഡ് റീടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | എ.എസ് ജോസഫ് |
| അടങ്കൽ | 4500000/-(മെ.ഫണ്ട് റോഡ്) |
| കരാറുകാരന് നല്കിയ തുക | 336257/- (ബിൽ നം.12/22.8.2017) |
| അളവുപുസ്തകം | എം.ബുക്ക് നം.8/17-18 |
| കരാർ നം./തീ | 77/AE/LSGD/16-17, 13.01.2017 |

2.

| | |
|---|---|
| പ്രോജക്ട് നംപർ | 187/17-18 |

| | |
|---|---|
| പ്രോജക്ട് | കൊക്കോട്ടുചിറ -ഇല്ലത്തുചിറ റോഡ് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജോസഫ്ഏബ്രഹാം |
| അടങ്കൽ | 125000/-(മെ.ഫണ്ട് റോഡ് ) |
| കരാറുകാരന് നല്കിയ തുക | 112200/-(ബിൽ നം25,18.11.2017)വി |
| അളവുപുസ്തകം | എം.ബുക്ക് നം.18/17-18 |
| കരാർ നം./തീ | 67/AE/LSGD/16-17, 31.03.2017 |

ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള പ്രോജക്ടിന് എസ്റ്റിമേറ്റ് നിരക്കിന്റെ 11.1% ടെണ്ടർ ബിലോ നിരക്കിലും ക്രമനംപർ രണ്ട് പ്രകാരമുള്ള പ്രോജക്ടിന് എസ്റ്റിമേറ്റ് നിരക്കിന്റെ 8.1% ടെണ്ടർ ബിലോ നിരക്കിലുമാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ രണ്ടു പ്രോജക്ടുകളിലും ടെണ്ടർ ബിലോ കുറവ് ചെയ്യാതെ അവസാനബിൽ നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിമൂല്യം (രൂപ) | കിഴിവ് ചെയ്യേണ്ടിയിരുന്ന ടെണ്ടർ ബിലോ (രൂപ) |
|---|---|---|
| 1 | 365866/- | 40611/- |
| 2 | 119363/- | 9668 |

പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 50279/- രൂപ തിരിച്ചടക്കാൻ നിർദ്ദേശിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17) തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. 50,279/- രൂപ തിരികെ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതി പ്രവൃത്തിയ്ക്ക് അധിക ഓവർഹെഡ് ചാർജ്ജ് അനുവദിച്ചു.

ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ റോഡ് പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുള്ളത് 7.5 ശതമാനം മാത്രമാണ്. എന്നാൽ 10 % ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി നിരക്ക് നിർണ്ണയിക്കുകയും അവസാന ബിൽ തയ്യാറാക്കിയ സമയത്ത് 2.5 % കുറവ് ചെയ്യാതിരിക്കുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കളത്തിൽപ്പടി-പറമ്പത്ത് എ റോഡ് മെയിന്റനൻസ് |
| പ്രോജക്ട് നം. | 233/16-17 |
| എം.ബുക്ക് നം. | 13/17-18 |
| അടങ്കൽ | 1,50,000/- രൂപ (13th FC) |
| കരാർ നം, തീയതി | 51/AELSGD/TKNM-16-17, 21.03.17 |
| കൺവീനർ | എം.ബി.അഹമ്മദ്കബീർ |
| പ്രവൃത്തിമൂല്യം | 1,39,075/- |
| കിഴിവ് | |
| വാറ്റ് 5% | 6,954 |
| ഐ.റ്റി (2%) | 2,782 |
| KCWWF | 1,391 |
| ഓവർഹെഡ് ചാർജ്ജ് (2.5%) | 3,161 |
| ആകെ കിഴിവ് | 14,288 |
| കരാറുകാരന് നൽകേണ്ട തുക | 1,24,787 (139075-139075x107.5/110) |
| നൽകിയ തുക | 1,27,948 |
| അധികം നൽകിയ തുക | 3,161 |

| | |
|---|---|
| ട്രഷറി ബിൽ നം. | 27/19.12.17 |

അധികം നൽകിയ തുക 3,161/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നുംതിരികെ ഈടാക്കാൻ നിർദ്ദേശിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം മറുപടി നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18) ഓവർഹെഡ് ചാർജിനത്തിൽ കുറവുചെയ്യേണ്ടിയിരുന്ന 3161/-രൂപ കൺവീനറിൽ നിന്നും ഈടാക്കി തിരികെ അടയ്ക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. 3161/- തിരികെ അടച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-4 പാർക്ക് സംരക്ഷണം ഫലപ്രദമല്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊക്കോട്ടുചിറ ചിൽഡ്രൻസ് പാർക്കിന്റെ സംരക്ഷണത്തിനായി ശ്രീ.പ്രശാന്ത് എന്ന വ്യക്തിയെ നിയമിച്ച് ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകി വരുന്നു. 2017-18 വർഷം ഈ ഇനത്തിൽ 1,99,485 രൂപ വേതനമിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായുള്ള സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ദിവസവേതനാടിസ്ഥാനത്തിൽ ജോലി നിർവ്വഹിക്കാൻ ചുമതലപ്പെട്ട വ്യക്തിക്ക് കൃത്യമായ ചുമതല ഏൽപ്പിച്ചുനൽകുന്നതിന് വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിച്ചിട്ടില്ല.
2. ജീവനക്കാരൻ നിർവ്വഹിക്കുന്ന ജോലി വിലയിരുത്തിയല്ല വേതനം നൽകിയിട്ടുള്ളത്.
3. നിയമിതനായ വ്യക്തിയുമായി കരാർ ചമച്ചിട്ടില്ല.
4. കുട്ടികളുടെ സ്വൈര്യവിഹാരത്തിന് സാധ്യമാകാത്ത വിധം പുൽപ്പടർപ്പുകൾ നിറഞ്ഞ സ്ഥിതിയിലാണ് ഉദ്യാനം എന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി.

1. 
കൊക്കോട്ടുചിറ ചിൽഡ്രൻസ് പാർക്ക് നിലവിലെ സ്ഥിതി

ചുരുക്കത്തിൽ ഭീമമായ തുക നൽകി ഉദ്യാനപാലകനെ നിയമിച്ചിട്ടുള്ളതിന്റെ ഗുണഫലം ലഭ്യമാക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.14) മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-5 തൂക്കൊടിത്താനം പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം - പ്രോജക്റ്റ് നിർവഹണത്തിന്റെ നടപടിക്രമങ്ങളിൽ അവ്യക്തത.

| | |
|---|---|
| പ്രോജക്റ്റ് നംപർ | 183/17-18 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജയചന്ദ്രൻ |
| അടങ്കൽ | 1166274/-(മെ.ഫണ്ട് റോഡിതരം) |
| ചെലവ് | 1096444/-(ബിൽ നം.60/17-18, 17.03.2018) |
| അളവുപുസ്തകം | എം.ബുക്ക് നം.83/15-16(1), (2)(3) |
| കരാർ നം./തീ | 94/AE/LSGD/TKDM/15-16, 29.02.2016 |

തൃക്കൊടിത്താനം പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണത്തിനായുള്ള ഈ പ്രോജക്ടിന്റെ രൂപീകരണഫാറം പ്രകാരം നിർവഹണരീതി ടെൻഡർ മുഖേനയാണ് എന്നാൽ ടെൻഡർ ക്ഷണിച്ചതിന്റെ വിവരങ്ങൾ, ടെൻഡർ നോട്ടീസ്, ലഭിച്ച ടെൻഡറുകൾ, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, സെലക്ഷൻ നോട്ടിസ് മുതലായവയൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ കരാറുകാരന് നിർവഹണത്തിനായി ഈ പ്രവൃത്തി ഏല്പിച്ച് നൽകിയതെങ്ങനെയെന്ന് വ്യക്തമല്ല. 17.02.2017 ലെ 3(29)-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം പ്രകാരം രണ്ട് അങ്കണവാടികളുടെ മെയിന്റനൻസ് വർക്കുകൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം മൂലമാണ് ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരുന്നത്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ സപ്ളിമെന്ററി കരാർ വെച്ചതായി കാണുന്നില്ല. ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരന് രണ്ട് ശതമാനം നിരക്കിൽ ഫൈൻ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. രേഖകളുടെ അഭാവത്തിൽ ഇപ്രകാരം ഫൈൻ കണക്കാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല.പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.21) യുടെ മറുപടി പ്രകാരം ടെണ്ടർ, റീടെണ്ടർ എന്നിവ നടത്തിയതിന് ശേഷം ക്വട്ടേഷനിലൂടെയാണ് ഈ പ്രവൃത്തി കരാറുകാരന് നൽകിയതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇതിനെ സാധൂകരിക്കുന്ന രേഖകളൊന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കാനാവില്ല. ഫൈൻ ഈടാക്കിയതിൽ വന്ന കുറവ് തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കിയ വിവരം, പ്രോജക്ട് നിർവഹണത്തിന്റെ നടപടികളിലെ അവ്യക്തത പരിഹരിക്കാനാവശ്യമായ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-6 വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോം നിർമ്മാണം- പ്ലാറ്റ് ഫോം സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നംപർ | 289/17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | അനിതാകുമാരി |
| അടങ്കൽ | 175000/-(79802-ധനകാര്യകമ്മീഷൻ ഗ്രാന്റ്, 95198- തനത് ഫണ്ട്) |
| ചെലവ് | 174869/-(ബിൽ നം.63/17-18, 20.03.2018- 79802/--,ചെക്ക്നം.9988574 തീ തീ.28.3.2018- 95067/-) |
| അളവുപുസ്തകം | എം.ബുക്ക് നം 66/17-18 |
| കരാർ നം./തീ | 83/AE/LSGD/TKDM/17-18, 20.02.2018 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.എസ്റ്റിമേറ്റ് പ്രകാരം 6 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ് ഫോം നിർമ്മാണത്തിനാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഈ 6 പ്ലാറ്റ് ഫോമുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ. (വാർഡ്, സ്ഥലമുടമയുടെ വിവരം മുതലായവ) ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2.സ്വകാര്യവ്യക്തിയുടെ സ്ഥലത്താണ് സ്ഥാപിച്ചതെങ്കിൽ പൊതു ആവശ്യത്തിന് സ്ഥലമുപയോഗിക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

3.പ്ലാറ്റ് ഫോമുകൾക്ക് മേൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചതിന്റെ വിവരം ഫയലിലില്ല.

4.ഏഴാമതായി ഒരു വാട്ടർ കിയോസ്കു കൂടി സ്ഥാപിച്ചതായി സ്ഥാപനത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5.പ്ലാറ്റ് ഫോമുകളുടെ സംരക്ഷണത്തിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമല്ല.

ഈ സാഹചര്യത്തിൽ ചെലവുതുക അംഗീകരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.23 ) മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ഈ പ്രോജക്ടിന് ചെലവഴിച്ച 174869/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 തെരുവുവിളക്കുകളുടെ സ്ഥാപിക്കലും പരിപാലനവും കാര്യക്ഷമമല്ല

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, അവയുടെ പരിപാലനം, വാറന്റി കാലയളവിലുള്ള മെയിന്റനൻസ് ക്രമീകരിക്കൽ തുടങ്ങിയ സ്ട്രീറ്റ് ലൈറ്റ് ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട നടപടികൾ പഞ്ചായത്ത് വികസകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും ക്രമീകരിക്കുന്നതായി കാണുന്നില്ല. എല്ലാ വർഷങ്ങളിലും സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതിനും പരിപാലനത്തിനുമായി ധാരാളം പ്രോജക്ടുകൾ ആവിഷ്കരിച്ച് തുക ചെലവഴിക്കുക മാത്രമാണ് ചെയ്തുവരുന്നത്. പഞ്ചായത്തിലെ 20 വാർഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം, അവയിൽ എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്, തെരുവു വിളക്കുകൾ നിലവിൽ പ്രവർത്തനക്ഷമമാണോ, തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തുന്നതിന് പഞ്ചായത്തിൽ രേഖകളില്ല. ആവശ്യകത വിലയിരുത്താതെയാണ് തെരുവു വിളക്ക് വാങ്ങൽ/റിപ്പയറിങ്ങ് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത്. 2017-18 വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട്/പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | തെരുവു വിളക്ക് റിപ്പയറിങ്ങ്(S0035/18) | 125,000/- | 124,875/- |
| 2. | തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി(S0048/18) | 400,000/- | 158,896/- |
| 3. | തെരുവു വിളക്ക വാങ്ങി സ്ഥാപിക്കൽ(S0260/18) | 305,460/- | 304,720/- |
| 4. | തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി-AMC(S0275/18) | 163,450/- | 145,625/- |
| 5. | തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി(S0276/18) | 47,600/- | 47,600/- |
| 6. | തെരുവു വിളക്കുകൾ റിപ്പയറിങ്ങ്(S0279/18) | 150,000/- | 52,360/- |
| 7. | തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി(S0280/18) | 17,150/- | 17,150/- |
| 8. | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ(S0294/18) | 1,099,612/- | 769,612/- |
| ആകെ | | 2,308,272/- | 1,620,838/- |

തെരുവുവിളക്കുകളുടെ സ്ഥാപിക്കലും പരിപാലനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൻവർഷം 16.2 ലക്ഷം രൂപയാണ് തെരുവു വിളക്കുകൾ വാങ്ങുന്നതിനും പരിപാലിക്കുന്നതിനുമായി ചെലവഴിച്ചിരിക്കുന്നത്. ക്രമ നം.3 പ്രോജക്ട് പ്രകാരം 1000 സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് ആസ്തിയായി രേഖപ്പെടുത്തി ആയതിന്റെ പരിപാലനം നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനമില്ല.
2. പഞ്ചായത്ത് പരിധിയിൽ എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് വാർഡ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല (വാർഡ്, പോസ്റ്റ് നം, തെരുവു വിളക്ക് നം.).
3. 2017-18 വർഷം 913,566/- രൂപ തെരുവുവിളക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ഒടുക്കിയിട്ടുണ്ട്(റിസീറ്റ് & പേമെന്റ് പത്രിക ഷെഡ്യൂൾ RP-13 പ്രകാരം). ഏതെല്ലാം തെരുവു വിളക്കുകൾ പ്രവർത്തനക്ഷമമായിരുന്നു എന്നുള്ള പരിശോധന നടത്തിയിട്ടില്ല. തെരുവു വിളക്കുകൾക്ക് മീറ്ററിങ്ങ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമല്ല.
4. വാറന്റിയുള്ള തെരുവു വിളക്കുകളുടെ കൃത്യമായ പരിപാലനവും, റീപ്ലെയ്സിങ്ങും നടത്തുന്നത് നിരീക്ഷിക്കുന്നതിന് സംവിധാനമില്ല.

അടിസ്ഥാനപരമായ വിവരങ്ങൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യാതെ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ,

മെയിന്റനൻസ് പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/18.07.2018) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്ന താണെന്നും അപാകതകൾ പരിഹരിക്കുമെന്നും സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കുമെന്നും അറിയിച്ചു.
പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം, അവ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റിന്റെ നമ്പർ, മെയിന്റനൻസിന്റെ വിശദാംശം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റ്, വാങ്ങൽ, പരിപാലനം എന്നിവയുടെ വിശദാംശം, നിലവിലെ സ്ഥിതി എന്നിവ വിലയിരുത്തി വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മോണിറ്ററിങ്ങ് നടത്തേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥിതി വ്യക്തമാക്കുന്ന രജിസ്റ്റർ തയ്യാറാക്കി നടപടികൾ ക്രമീകരിക്കേണ്ടതും പ്രോജക്ടുകൾ ആവശ്യകതയ്ക്കനുസരിച്ച് ആസൂത്രണം ചെയ്യേണ്ടതുമാണ്. മേൽപറഞ്ഞ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല--7,69,612/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ |
| പ്രോജക്ട് നം. / വർഷം | S0294/18 |
| പ്രോജക്ട് തരം | ഏകവർഷ പ്രോജക്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 6,91,912/- രൂപ (വികസന ഫണ്ട്-പൊതുവിഭാഗം)<br>77,700/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>3,30,000/- രൂപ (തനത് ഫണ്ട്)<br>ആകെ-10,99,612/- രൂപ |
| ചെലവ് | 769,612/- രൂപ |
| ചെലവ് വിശദാംശം | Bill No.17080452004001248901/22.03.2018 - 691,912/-<br>Bill No.17080452004001248905/22.03.2018 - 77,700/- |

മേൽ പ്രോജക്ടിൽ 05.04.2017-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.1093/2017/തസ്വഭവ നിർദ്ദേശ പ്രകാരമുള്ള കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (KREWS) നിന്നും 18W LED ബൾബുകൾ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടത്. സെക്രട്ടറിയുടെ 13.03.2018-ലെ A5-84/16 കത്ത് പ്രകാരം 160 എണ്ണം മാന്വൽ 18W LED ലൈറ്റുകൾ 2,600/- രൂപ നിരക്കിലും 200 എണ്ണം ഓട്ടോമാറ്റിക് 18W LED ലൈറ്റുകൾ 2,700/- രൂപ നിരക്കിലും വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകി (KREWS-ന്റെ 23.02.2018 ലെ 602-ാം നം. പെർഫോമ ഇൻവോയ്സ് പ്രകാരം ഇൻസ്റ്റലേഷൻ ഉൾപ്പടെയുള്ള നിരക്ക്). വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ട്രീറ്റ് ലൈറ്റ് ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 18 Watt LED Street Light Luminary with all fitting accessories installation charge(Manual) | 160 | 2,600/- | 416,000/- |
| 18 Watt LED Street Light Luminary with all fitting accessories installation charge(Automatic) | 200 | 2,700/- | 540,000/- |
| ആകെ | 360 | | 956,000/- |

9,56,000/- രൂപ മൂല്യമുള്ള സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിന് 769,612/- രൂപ മാത്രമാണ് KREWS-ലേക്ക് അടവാക്കിയത് (80.5% തുക). ടി പ്രോജക്ട് നടത്തിപ്പിനായി 16.03.2018-ൽ സെക്രട്ടറി KREWS അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായി ചമച്ച കരാർ പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾ ലഭ്യമാക്കി ഇൻസ്റ്റാൾ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സ്ട്രീറ്റ് ലൈറ്റുകൾ ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്, ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ തുടങ്ങിയവ ഫയലിൽ ലഭ്യമായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/18.07.2018) ലഭ്യമാക്കിയ മറുപടിയിൽ, ലൈറ്റുകൾ ലഭ്യമായതായും അവ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചു.
സ്ട്രീറ്റ് ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്ത് ആയതിന്റെ വിശദാംശം, ഇൻവോയ്സ്, എന്നിവ ലഭ്യമാക്കേണ്ടതാണ്. ഇൻസ്റ്റലേഷൻ പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുന്നതുവരെ 7,69,612/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 പശ്ചാത്തല സൗകര്യം ഒരുക്കാതെ പ്ലാസ്റ്റിക്ക് ഷെർഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു--9,82,943/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാലിന്യ സംസ്കരണം-പ്ലാസ്റ്റിക്ക് ഷെർഡിങ് യൂണിറ്റ് |
| പ്രോജക്ട് നം. വർഷം | S0094/18 ; 2017-18 |
| പ്രോജക്ട് തരം | ഏകവർഷ പ്രോജക്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 20 ലക്ഷം [10 ലക്ഷം(വികസന ഫണ്ട്-ജനറൽ),<br>10 ലക്ഷം (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)] |
| ചെലവ് | 982,943/- രൂപ-വികസന ഫണ്ട്-ജനറൽ |
| ബിൽ നം. | 17080452004001039474/21.02.2018 |

19.05.2017-ലെ സ.ഉ.(സാധാ) നം.1641/2017/തസ്വഭവ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരമാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം ടെൻഡർ നടപടികൾ ഒഴിവാക്കി നിർവ്വഹണം നടത്തുന്നതിനുള്ള ഏജൻസിയായി നിർദ്ദേശിച്ച ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനവുമായി പഞ്ചായത്ത് സെക്രട്ടറി 02.02.2018-ൽ കരാറിൽ ഏർപ്പെടുകയും ടി കമ്പനിയുടെ 06.02.2018-ലെ 92/2017-18 നം. പെർഫോമ ഇൻവോയ്സ് പ്രകാരമുള്ള Shredding Machine 15HP, Baling Machine 7.5 HP, Installation Charge, Supervision Charge (1 Year) ഇനങ്ങളിലായി 982,943/- രൂപ 22.02.2018-ൽ അക്കൗണ്ട് ട്രാൻഫർ മുഖേന അടവാക്കി (അക്കൗണ്ട് നം.33622776812 എസ്.ബി.ഐ.). കരാർ പ്രകാരം മെഷിനറി സ്ഥാപിക്കുന്നതിന് 1000 ചതുരശ്ര അടി സ്ഥലം, ഇൻഫ്രാ സ്ട്രക്ച്ചർ, ത്രീ ഫേസ് കണക്ഷൻ, വെള്ളത്തിന്റെ ലഭ്യത എന്നിവ പഞ്ചായത്ത് ഒരുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (വ്യവസ്ഥ നം.2). തുക ഒടുക്കിയതിനു ശേഷം പഞ്ചായത്ത് പശ്ചാത്തല സൗകര്യം ഒരുക്കുന്ന മുറയ്ക്ക് 3 ആഴ്ചക്കുള്ളിൽ മെഷിനറി സ്ഥാപിക്കുമെന്നും (വ്യവസ്ഥ നം.11) കമ്മീഷനിങ്ങ് 80% പണം ഒടുക്കിയതിനു ശേഷം 60 ദിവസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് (വ്യവസ്ഥ നം.23).

എന്നാൽ 20.02.2018-ൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് കമ്പനി നിർദ്ദേശിച്ച പ്ലാസ്റ്റിക്ക് ഷെർഡിങ് യൂണിറ്റിന്റെ മുഴുവൻ തുകയും ഒടുക്കിയ ശേഷമാണ് 22.02.2018ൽ 1/3 തീരുമാന പ്രകാരം മിഷിനറി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്നതിനുള്ള നടപടി ആരംഭിക്കുന്നത്. കരാർ വ്യവസ്ഥകൾ പ്രകാരം 22.02.2018 മുതൽ 60 ദിവസത്തിനുള്ളിൽ(21.04.2018) പ്ലാസ്റ്റിക്ക് ഷെർഡിങ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്ത് പശ്ചാത്തല സൗകര്യം ഒരുക്കാതിരുന്നതിനാൽ കരാർ സമയപരിധി കഴിഞ്ഞിട്ടും യൂണിറ്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവമാണ് മേൽ പ്രോജക്ട് നടപ്പാക്കുന്നതിൽ വീഴ്ച സംഭവിക്കാൻ കാരണം. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.11/12.07.2018) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് 3-ാം വാർഡിലെ ശ്രീമതി സീത സാഹിർ, പുതുപ്പറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള III/407 എന്ന 1000 ചതുരശ്ര അടിക്ക് മുകളിലുള്ള കെട്ടിടം ടി പ്ലാസ്റ്റിക് ഷെർഡിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായി നൽകുന്നതിന് സമ്മതപത്രം ലഭ്യമായതായി അറിയിച്ചു. അടിയന്തിരമായി യൂണിറ്റ് പ്രവർത്തനക്ഷമമാക്കുമെന്നും അറിയിച്ചു.

പ്ലാസ്റ്റിക് ഷെർഡിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലം പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ ആസ്തിയായി രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ഥലവും കെട്ടിടവും പഞ്ചായത്തിന്റെ ആസ്തിയാക്കിയതിന്റെ എല്ലാ രേഖകളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പ്ലാസ്റ്റിക് ഷെർഡിങ്ങ് യൂണിറ്റ് കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാക്കി വിശദാംശം അറിയിക്കേണ്ടതാണ്. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് കമ്പനിയിൽ നിന്നുള്ള പ്ലാന്റിന്റെ യഥാർത്ഥ റീറ്റെയ്ൽ ഇൻവോയ്സ്, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ഷെർഡിങ്ങ് യൂണിറ്റ് കമ്മീഷൻ ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. മേൽനടപടികൾ പൂർത്തീകരിക്കുന്നതുവരെ 9,82,943/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 അമര കുടിവെള്ള പദ്ധതി-പ്രോജക്ട് പൂർത്തീകരിച്ചില്ല--81,24,488/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ ഏഴോളം വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. പഞ്ചായത്തിലെ 10-ാം വാർഡിൽ അമര പ്രദേശത്താണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. അമര കുടിവെള്ള പദ്ധതിക്കായി കഴിഞ്ഞ 3 വർഷങ്ങളിലായി 15,089,953/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ (എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവല്ല)

നിക്ഷേപിച്ചതായി കാണുന്നു. 31.03.2018 വരെ നിക്ഷേപിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം. | നിക്ഷേപിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 2014-15 | S0289/15 | 3,090,465/- | വികസന ഫണ്ട്-എസ്.സി.പി. |
| 2015-16 | S0210/16 | 3,875,000/- | വികസന ഫണ്ട്-എസ്.സി.പി. |
| 2016-17 | നിക്ഷേപിച്ചിട്ടില്ല | | |
| 2017-18 | S0034/18 | 8,124,488/- | 624,488/- വികസന ഫണ്ട്-എസ്.സി.പി. |
| | | | 3,500,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | | 4,000,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ആകെ | | 15,089,953/- | |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ അമര കുടിവെള്ള പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിങ്ങ് തുടങ്ങിയ നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- 2014-15, 2015-16, 2017-18 എന്നീ വർഷങ്ങളിൽ ഏകവർഷ പ്രോജക്ടായിട്ടാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മേൽപറഞ്ഞ തുകകൾ നിക്ഷേപിച്ചിട്ടുള്ളത്. 2016-17 വർഷം മാത്രം തുക നിക്ഷേപിച്ചിട്ടില്ല. പ്രോജക്ടിന്റെ പൂർണ്ണമായ രൂപം ആവിഷ്കരിക്കാതെ ഓരോ വർഷവും ഏകവർഷ പ്രോജക്ടായി ആവിഷ്കരിച്ച് തുക നിക്ഷേപിക്കുന്നത് ക്രമപ്രകാരമല്ല. നിലവിൽ 4 വർഷത്തിലധികമായി തുടരുന്ന ടി പ്രോജക്ട് ബഹുവർഷ പ്രോജക്ടായി ആവിഷ്കരിക്കേണ്ടതായിരുന്നു.

- വിവിധ വർഷങ്ങളിൽ ഏകവർഷ പ്രോജക്ടായി രൂപീകരിച്ചതിനാൽ പ്രോജക്ട് നടത്തിപ്പിന്റെ തുടർച്ച നിരീക്ഷിക്കാനും തുടർനടപടികൾ നിരീക്ഷിക്കാനും സാധിക്കാതെ വരുന്നു. 2015-16 ന ശേഷം 2017-18 ലാണ് പ്രോജക്ടിന് തുക ഡെപോസിറ്റ് ചെയ്തത്. 2016-17 വർഷത്തിലും ടി പ്രോജക്ടിനായി തുക വകയിരുത്തി ആയത് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് പ്രോജക്ടിന്റെ നടത്തിപ്പിലും നിരീക്ഷണത്തിലും സംഭവിച്ച വീഴ്ചയാണ്.

- അമര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് ആകെ എത്ര തുക വേണ്ടിവരുമെന്നും എത്ര കാലത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നും കണക്കാക്കി പ്രോജക്ടിന്റെ പൂർണ്ണരൂപത്തിലുള്ള ഒരു എസ്റ്റിമേറ്റോ പ്ലാനോ തയ്യാറാക്കിയതായി കാണുന്നില്ല.

- കുടിവെള്ള പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി സെക്രട്ടറി നിയമാനുസൃത കരാർ ചമച്ചതായി കാണുന്നില്ല.

- 1.5 കോടിയിലധികം രൂപ 31.03.2018 വരെ പ്രസ്തുത കുടിവെള്ള പദ്ധതിക്കായി ചെലവഴിച്ചെങ്കിലും നാളിതുവരെ എത്രമാത്രം പ്രവൃത്തികൾ നടത്തിയിട്ടുണ്ട് എന്നതിന്റെ വിവരം ലഭ്യമല്ല.

- വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയതായി രേഖകളിൽ കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/17.07.2018) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പമ്പിങ്ങ് മെയിൻ പൂർണ്ണമായും സ്ഥാപിച്ചതായി അറിയിച്ചു. 19.07.2018-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്ന് പ്രസിഡന്റ് അറിയിച്ചു.
അമര കുടിവെള്ള പദ്ധതിയുടെ പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമാക്കി നിർവ്വഹണ പുരോഗതി വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അടിയന്തിരമായി വിലയിരുത്തേണ്ടതാണ്. പ്രോജക്ടിന്റെ നിർവ്വഹണം അടിയന്തിരമായി പൂർത്തീകരിച്ച് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കുടിവെള്ള പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കി വാട്ടർ അതോറിറ്റിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ തൻവർഷം ചെലവഴിച്ച 8,124,488/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 പ്രത്യേക കന്നുകുട്ടി പരിപാലനം--വിനിയോഗവിവരങ്ങൾ ലഭ്യമല്ല--

## 3,12,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി : പ്രത്യേക കന്നുകുട്ടി പരിപാലനം (നം. S0042/ 2018 )

വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) : 312500

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) : 625000

ആകെ അടങ്കൽ : 1250000

ഗുണഭോക്താക്കൾ : 100

വെറ്ററിനറി സർജൻ നടപ്പിലാക്കിയ ടി പദ്ധതിക്കായി 3,12,500/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി, കോട്ടയം എന്ന പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട് (അക്കൗണ്ട് നം. A/c No: 708011400000050) (Bill No: BRN.1213755 dtd 20.03.2018). എന്നാൽ ടി പദ്ധതിയുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 3,12,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങളും

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ 13 യോഗങ്ങൾ ചേർന്നു. 5 അംഗങ്ങളാണ് സ്റ്റാന്റിംഗ് കമ്മിറ്റിയിലുള്ളത്. എല്ലാ യോഗങ്ങളിലും മതിയായ കോറം ഉണ്ടായിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള വി.ഇ.ഒ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർവ്വഹണ ചുമതലയിലേയ്ക്ക് 26.05.2017-ാം തീയതി ചേർന്ന സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ മേഖലകളിലായി 16 പദ്ധതികൾ മാത്രമാണ് ശുപാർശ ചെയ്തത്. എന്നാൽ മേൽ നിർവ്വഹണ ഉദ്യോഗസ്ഥരെ 41 പദ്ധതികളുടെ നിർവ്വഹണത്തിനായി ചുമതല ഏൽപ്പിച്ചു. 25 പദ്ധതികളുടെ നിർവ്വഹണത്തിനായി പഞ്ചായത്ത് ഭരണ സമിതി നേരിട്ട് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തി. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും, വിഷയമേഖലാടിസ്ഥാനത്തിലുള്ള ദാരിദ്ര്യലഘൂകരണം, സാമൂഹ്യനീതി, വനിതാ വികസനം, പട്ടികജാതി വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഓഡിറ്റ് വർഷം രണ്ട് പ്രാവശ്യം വീതം യോഗം ചേരുകയും പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ യുക്തി സഹമായ നിർദ്ദേശങ്ങളുടെ അഭാവം വ്യക്തമാണ്. സ്റ്റാന്റിംഗ് കമ്മിറ്റി നിയമ വിധേയമായ പദ്ധതികൾ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും അടങ്കൽ നിശ്ചയിച്ചതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും കമ്മിറ്റി വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല. വിശദ വിവരം ഖണ്ഡിക 3-13, 3-14 എന്നിവയിൽ ചേർത്തിട്ടുണ്ട്.

## 3-13 പി.എം.എ.വൈ. അധിക വിഹിതം-ആവശ്യകത നിശ്ചയിക്കാതെ 14 ലക്ഷം രൂപ അടവാക്കി

| പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | അടവാക്കിയ-തുക | ബിൽ നം./തീയതി |
|---|---|---|---|---|
| പി.എം.എ.വൈ. അധിക വിഹിതം(S0008/18) | വികസന ഫണ്ട് (ജനറൽ) | 5 ലക്ഷം | 5 ലക്ഷം | 1/2017-18 PMAY(General) 13.07.2017 |
| പി.എം.എ.വൈ. അധിക വിഹിതം-എസ്.സി.പി.(S0009/18) | വികസന ഫണ്ട് (എസ്.സി.പി.) | 9 ലക്ഷം | 9 ലക്ഷം | 2/2017-18 PMAY(SCP) 13.07.2017 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ടി പ്രോജക്ടുകൾ ഗുണഭോക്താക്കളുടെ എണ്ണവും ഫണ്ടിന്റെ ആവശ്യകതയും കണക്കിലെടുക്കാതെ പഞ്ചായത്ത് വിഹിതം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കി. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ പ്രകാരം 2017-18 പി.എം.എ.വൈ. പദ്ധതിക്കായി ഗുണഭോക്താക്കളിൽ ഒരാൾ മാത്രമാണ് കരാർ ചമച്ചിട്ടുള്ളത് (ശ്രീ രാജു, പാലങ്ങും, അമര). ഒരു ഗുണഭോക്താവിന്

70,000/- രൂപ മാത്രമാണ് പഞ്ചായത്ത് വിഹിതം കണക്കാക്കേണ്ടിയിരുന്നത്. ആവശ്യകത നിർണ്ണയിക്കാതെ 1,330,000/- രൂപ അധികമായി അടവാക്കിയതിന് (1,400,000-70000) വിശദീകരണം ലഭ്യമാക്കുന്നതിന് 9/11.7.18 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 20 ഗുണഭോക്താക്കൾക്കുള്ള വിഹിതം എന്ന് കണക്കാക്കിയാണ് 14 ലക്ഷം രൂപ അടവാക്കിയത് എന്നും 13.3 ലക്ഷം രൂപ തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് മറുപടി നൽകി. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് പ്രോജക്ടിന് 13.3 ലക്ഷം രൂപ അധികമായി നിക്ഷേപിക്കേണ്ടി വന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അധികമായി ഒടുക്കിയ തുക തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് അടവാക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ അധികമായി നിലനിൽക്കുന്ന തുക കൃത്യമായി ക്രമീകരിക്കുന്നതുവരെ 13.3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 വീടുകൾ വാസയോഗ്യമാക്കൽ-മെയിന്റനൻസ് പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 2017-18 വർഷം നിർവ്വഹണം നടത്തിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പ്രോജക്ട്(നം.S0076/18) പ്രകാരം പഞ്ചായത്ത് 2-ാം വാർഡിലുള്ള രാജമ്മ കുഞ്ഞുമോൻ, ഒരിക്കാമ്പറമ്പിൽ, തൃക്കൊടിത്താനം എന്ന ഗുണഭോക്താവിന്റെ വീടിന്റെ മെയിന്റനൻസ് പൂർത്തിയാക്കിയില്ല. 31.03.2018-ൽ പൂർത്തീകരിക്കുമെന്നാണ് 05/01/2018-ൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. 75,000/- രൂപ ടി ഗുണഭോക്താവ് മുൻകൂർ കൈപ്പറ്റിയിട്ടുണ്ട് (പ്രോജക്ട് രജിസ്റ്റർ പ്രകാരം). മേൽപറഞ്ഞ വീടിന്റെ മെയിന്റനൻസ് യഥാസമയം പൂർത്തീകരിക്കാതെ കരാർ ലംഘനം നടത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/11.07.2018) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവിന്റെ വീട് മെയിന്റനൻസ് പൂർത്തീയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. 2018-19 വർഷം ടി ഗുണഭോക്താവ് വീട് മെയിന്റനൻസ് പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം 13 തവണ യോഗം ചേർന്നിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിദ്യാഭ്യാസം, കല, സംസ്കാരം, കുടിവെള്ളം, ശുചിത്വം, ആരോഗ്യം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഓഡിറ്റ് വർഷം ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് 25.02.2017 ൽ യോഗം ചേരുകയും സമഗ്രമായ ചർച്ച നടത്തുകയും ചെയ്തു. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് ചർച്ച ചെയ്ത് അംഗീകരിക്കുക എന്ന പരമ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിൽ കമ്മിറ്റിയ്ക്ക് വീഴ്ച സംഭവിച്ചു. 29.03.2017 ലെ ജി.ഒ.(എം.എസ്.)72/17/തസ്വഭവ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം 2017-18 വാർഷിക പദ്ധതിയിലേയ്ക്ക് പദ്ധതികളും അടങ്കലും ശുപാർശ ചെയ്യുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇത് ഗൗരവതരമായ വീഴ്ചയാണ്. കൂടാതെ പദ്ധതി പ്രവർത്തനങ്ങളുടെ ജയ പരാജയം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല. വിശദ വിവരം ഖണ്ഡിക 3-16 മുതൽ 3-18 വരെ കാണുക.

## 3-16 പ്രൈമറി ഹെൽത്ത് സെന്റർ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S00 56/ 2018 നം പദ്ധതി പ്രകാരം, പി.എച്.സി യിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി, 100000/- രൂപ തനത് ഫണ്ടിൽ നിന്നും 150000/- രൂപ മെയ്ന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും ഉൾപ്പെടെ ആകെ 250000/-രൂപയുടെ അടങ്കൽ തുകയിൽ, 2,50,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകി ചെലവഴിച്ചിട്ടുണ്ട് . ബിൽ നം. 03/2017-18 (Rs.133810/-) , ബിൽ നം. 09/2017-18 (Rs. 16190/-) , ചെക്ക് നം . 9988570 dtd 12.03.2018, തുക-1,00,000/- രൂപ (Sub. Treasury, Changanacherry). എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം (തുക) | ലഭിച്ച മരുന്നുകളുടെ വിവരം (തുക) | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പി.എച് .സി തൃക്കൊടിത്താനം | 2,50,000 | 1,05,931 | 1,44,069 | മെഡിക്കൽ ഓഫീസർ, പി.എച് .സി തൃക്കൊടിത്താനം |
| ആകെ | 2,50,000 | 1,05,931 | 1,44,069 | |

ആകെ 1,44,069/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആകയാൽ 1,44,069 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-17 ഹോസ്പിറ്റൽ മാനേജ്മന്റ് കമ്മിറ്റി - ആയുഷ് (പി.എച്.സി - ആയുർവ്വേദം)

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആയുഷ് (പി.എച്ച്.സി-ആയുർവ്വേദം), ഹോസ്പിറ്റൽ മാനേജ്മന്റ് കമ്മിറ്റി രൂപീകരിച്ചതിന് ശേഷം യോഗം കൂടിയത് 05.02.2018 നാണ്. എച്ച്.എം.സി. രൂപീകരിച്ചതിന് ശേഷം ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. നാളിതുവരെ എച്ച്.എം.സി അക്കൗണ്ട്സ് ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല. കാലതാമസം കൂടാതെ ഓഡിറ്റിനായി അക്കൗണ്ട്സ് സമർപ്പിക്കുന്നതാണെന്ന് പി.എച്ച്.സി., ആയുഷ് മെഡിക്കൽ ഓഫീസർമാർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

## 3-18 ജലനിധി - മഴവെള്ളസംഭരണവും ഭൂജല പരിപോഷണവും

മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതി സംസ്ഥാന വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സർക്കാർ 2017-18 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണി നിർമ്മാണത്തിന്, തൃക്കൊടിത്താനം പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് .

ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഗ്രാമീണ ശുദ്ധ ജല വിതരണശുചിത്വ ഏജൻസി (ജലനിധി)യുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ടി പഞ്ചായത്തിലെ 175 വീടുകളിൽ 10000 ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണികൾ ഫെറോ സിമന്റ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമിച്ചു നൽകുന്നു. ഒരു യൂണിറ്റിന്റെ നിർമാണ ചെലവ് ടി പഞ്ചായത്തിൽ 55352/- രൂപയാണ്. എ.പി.എൽ കുടുംബങ്ങൾ, പത്ത് ശതമാനമായ 5535/- രൂപയും ബി.പി.എൽ കുടുംബങ്ങൾ അഞ്ചു ശതമാനമായ 2768/- രൂപായുമാണ് ഗുണഭോക്തൃ വിഹിതമായി അടവാക്കേണ്ടത്.

പദ്ധതിയുടെ ഉദ്ഘാടനം 12.07.2018-ൽ ബഹു. ഗ്രാമ പഞ്ചായത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ, ബഹു. എം.എൽ.എ നിർവഹിച്ചു. തുടർന്ന് തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കുള്ള ബോധവത്ക്കരണ ശില്പശാലയും നടന്നു. ഉദ്ഘാടന ദിവസം, 20 കുടുംബങ്ങളും, തുടർന്ന് 33 കുടുംബങ്ങളും ഗുണഭോക്തൃ വിഹിതം അടവാക്കി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള സ്ഥല സന്ദർശനം 25.07.2018-ന് തുടങ്ങി, സംഭരണി നിർമ്മാണം ഓഗസ്റ്റ് മാസം ആദ്യ വാരം ആരംഭിക്കുകയും ചെയ്യും. 2017-18 സാമ്പത്തിക വർഷത്തിൽ, ജലനിധി പ്രവർത്തനങ്ങൾക്കായി, പഞ്ചായത്തിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും ടെക്നിക്കൽ സൂപ്പർവൈസർ, മഴകേന്ദ്രം (KRWSA)അറിയിച്ചിട്ടുണ്ട്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2018 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| Block Panchayat | 24.08.2017 | 300000 | Pain and Paliative care | 300000 | 0 |
| Block Panchayat | 04.09.2018 | 700000 | Dairy Development | 579518 | 120482 |
| Block Panchayat | 03.10.2017 | 300000 | Scholarship for physically and mentally challenged | 300000 | 0 |
| Block Panchayat | 08.01.2018 | 700000 | Amara drinking water scheme | 700000 | 0 |
| Block Panchayat | 08.01.2018 | 1500000 | Haritham | 0 | 1500000 |
| Block Panchayat | 09.02.2018 | 1000000 | Plastic shredding unit | 0 | 1000000 |
| Block Panchayat | 12.02.2018 | 2500000 | Amara drinking water scheme | 2500000 | 0 |
| Block Panchayat | 19.03.2018 | 800000 | Amara drinking water scheme | 800000 | 0 |
| District Panchayat | 19.03,2018 | 1000000 | Pakal veedu | 0 | 1000000 |
| Block Panchayat | 28.03.2017 | 150000 | Anganwadi infrastructure | 99968 | 50032 |
| Block Panchayat | 28.03.2017 | 242528 | Pakal veedu | 115067 | 127461 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| KSEB | Post shifting | 21700234<br>21700235<br>21700150<br>21700151<br>21701154<br>21701155 | 103129 | 54917 | 48212 |
| Kerala Water Authority | Amara drinking water project – Pipeline work | 21701025<br>21701297<br>21701328 | 8124488 | 0 | 8124488 |
| Clean Kerala Company Ltd | Plastic shredding unit | 21701136 | 982943 | 0 | 982943 |
| Mahindra & Mahindra, Pune | Purchase of office vehicle | 21701327 | 723725 | 0 | 723725 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി, തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ / വായ്പ തിരിച്ചടവ് ഇല്ല

## 4-5 സ്ഥിര നിക്ഷേപം

31.03.2018 – ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 2006-2007 | PARA 3-1 | 720 | Bincy Cherian,JS, Vazhappally G P | 117020100670 dt 5/5/2017 |
| 2015-16 | PARA 3-3 | 4961 | Tomy Devasia, Contractor | 117020100690 dt 5/5/2017 |
| 2016-17 | Para 2-6 | 494 | Radhika R Pillai | 117020102248 dt 27/7/2017 |
| 2010-11-2016-17 | | 83322 | Asst. Manager, Taluk supply Co Depot | 117020500004 dt 10/8/2017 |
| 2014-15 | PARA 2-3-3(ll) | 2500 | Manager, ThuruthilParambil Finance | 117020103651 dt 3/11/2017 |
| 2015-16 | PARA 2-3-3(3) | 2500 | Manager, ThuruthilParambil Finance | 117020103652 dt 3/11/2017 |
| 2006-07 | PARA 3-1 | 720 | Shaji Thomas, secretary, Puthupally G P | 117020103701 dt 3/11/2017 |
| 2011-12 -2016-17 | 2011/12 para2-4 12/13 p 2-3-1(1),13/14 p2-3-(2), 14/15p2-3-1(3),15/16p2-3-2(2),16 /17p2-4-1(2) | 16250 | Manager, Thrickodithanam Service Co Operative Bank Ltd | 117020104038 dt 27/11/2017 |
| 2010-11-2011-12 | 2010/11&11/12p2-4,12/13 p 2-3-1(1),13/14 p2-3-(2), 14/15p2-3-1(3),15/16p2-3-2(2),16 /17p2-4-1(2) | 17500 | Manager, Thrickodithanam Service Co Operative Bank Ltd | 117020104040 dt 27/11/2017 |
| 2011-12-2014-15 | 2011/12 para2-4 12/13 p 2-3-1(1),13/14 p2-3-(2), 14/15p2-3-1(3),15/16p2-3-2(2),16 /17p2-4-1(2) | 17500 | Manager, Thrickodithanam Service Co Operative Bank Ltd | 117020104041 dt 27/11/2017 |
| 2014-15 -2015-16-2016-17 | 2014-15 PARA2-3-3II(2) 2015-16 para2-3-3(2) 2016-17 para2-4-1(4) | 2500 | Proprietor, Josco Investment, Thrickodithanam | 117020104087 dt 28/11/2017 |
| 2014-15 -2015-16-2016-17 | 2014-15 PARA2-3-3II(2) 2015-16 para2-3-3(2) 2016-17 para2-4-1(4) | 2500 | Proprietor, Josco Investment, Thrickodithanam | 117020104087 dt 28/11/2017 |

| | | | | |
|---|---|---|---|---|
| 2014-15 -2015-16-2016-17 | 2014-15 PARA2-3-3II(2)<br>2015-16 para2-3-3(2)<br>2016-17 para2-4-1(4) | 2500 | Proprietor, Josco Investment, Thrickodithanam | 117020104087 dt 28/11/2017 |
| 2014-15 -2015-16-2016-17 | 2014-15 PARA2-3-3II(2)<br>2015-16 para2-3-3(2)<br>2016-17 para2-4-1(4) | 900 | Proprietor, Josco Investment, Thrickodithanam | 117020104088 dt 28/11/2017 |
| 2010-11-2011-12 | 2010-11 -2011-12 PARA3-1 (REFUND OF EXCESS WAGE ) RECEVED FOR 06/10 TO 03/11 FIRST INSTALLMENT | 7000 | Prasanth K | 117020104217 dt 04/12/2017 |
| 2015-16-2016-17 | 2015/16 PARA2-3-3(5)& 2016/17 2-4-1(6) | 2500 | Propreitor, Akshaya Finance, Thrickodithanam | 117020104884 dt 03/01/2018 |
| 2015-16-2016-17 | 2015/16 PARA2-3-3(5)& 2016/17 2-4-1(6) | 2500 | Propreitor, Akshaya Finance, Thrickodithanam | 117020104884 dt 03/01/2018 |
| 2010-11-2011-12 | 2010-11 2011-12 SECOND INSTALMENT PARA 3-1 REFUND<br>OF EXCESS WAGE RECEIVED FOR 6/10 TO 3/11 | 2000 | Prasanth K K | 117020104888 dt 03/01/2018 |
| 2006-07 | 2006/2007/2-2(A) | 150 | N G Sasidharan | 117020105869 dt 25/1/2018 |
| 2002-03 | 2002-03 PARA 2-2(3) | 54 | Bincy Cherian,JS, Vazhappally G P | 117020105989 dt 29/1/2018 |
| 2002-03 | 2002-03 PARA 2-2(3) | 164 | Secretary, Thrickodithanam GP | 117020106105 dt 31/1/2018 |
| 2010-11-2011-12 | 2010-11 & 2011-12<br>Para 3-1; 3rd Instalment (Refund of excess wage received for 06/10 to 03/11) | 3880 | Prasanth K K | 117020106174 dt 2/2/2018 |
| 2010-11-2011-12 | 2010/11 & 2011/12 ,PARA3-1.4th INSTALMENT<br>( refund of excess salary received for 06/10 to 03/11 | 3500 | Prasanth K K | 117020107012 dt 3/3/2018 |
| 2015-16 | 2015-16- PARA 2-3-1(1)<br>PROF TAX OF PALIATIVE NURSE | 1200 | Medical Officer, PHC | 117020107040 dt 5/3/2018 |
| 2015-16 | 2015-16- PARA 2-3-1(1)<br>PROF TAX OF PALIATIVE NURSE | 1200 | Medical Officer, PHC | 117020107040 dt 5/3/2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഒഴികെ) | 93,400,500/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103,926,581/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 53,440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,838,481/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 50279/- | ശ്രീമതി സുനിത എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 3,161/- | |
| ആകെ | 53,440/- രൂപ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1,74,869/- | ശ്രീമതി സുനിത എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 7,69,612/- | ശ്രീ എൻ.ആർ മുരളീധരൻ നായർ, സെക്രട്ടറി |
| 3-9 | 9,82,943/- | |
| 3-10 | 81,24,488/- | |
| 3-11 | 3,12,500/- | ഡോ. വിശ്വനാഥൻ, വെറ്ററിനറി സർജൻ |
| 3-13 | 13,30,000/- | ശ്രീ ബിജു റ്റി. എസ്., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 3-16 | 1,44,069/- | ഡോ. ജാൻസി ജോസഫ്, മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. |
| ആകെ | 1,18,38,481/- രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2-2, 2-4, 2-5, 3-5

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുനിത എം.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,LSGD<br>തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്. | സുനിത ബിൽഡിങ്ങ്,<br>ഇടവ പി.ഒ., തിരുവനന്തപുരം.<br>പിൻ-695311. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.06.2018 വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി03-1447/2016/28.12.2017 | 1 |
| 1998-99(Exp) | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(1)/2018/21.02.2018 | 1 |
| 2000-01&2001-02 | നം.എൽ.എഫ്.കെ.പി8-668/03/14.11.2003 | 20 |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(4)/18/21.02.2018 | 1 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(7എ)/18/05.06.2018 | 4 |
| 2005-06വരവ് | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(6എ)/18/05.06.2018 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(6)/2018/21.02.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി10-606(1)/2018/04.04.2018 | 8 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(8)/2018/21.02.2018 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(9)/18/21.02.2018 | 14 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി10-606(2)/2018/04.04.2018 | 9 |
| 2010-11 & 11-12 | കെ.എസ്.എ-കെ.ടി.എം.പി10-606(3)/2018/04.04.2018 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10-2024/2017/27.12.2017 | 8 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി3-599/2015/26.08.2016 | 4 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3-1452/2016/13.02.2017 | 21 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10-766/2017/05.01.2018 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.10-819/2017/06.06.17/16.06.17 | 20 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി.10-1436/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 27.07.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം